ഭദ്രകാളീമാഹാത്മ്യം

(ഗദ്യ സംഗ്രഹം)

സുകേഷ് പി. ഡി.

ഭദ്രകാളീമാഹാത്മ്യം
(ഗദ്യ സംഗ്രഹം)

സുകേഷ് പി. ഡി.

आत्मना विन्दते वीर्यं

വൈഖരി റിസേർച്ച് ഫൗണ്ടേഷൻ
തിരുവനന്തപുരം

MALAYALAM LANGUAGE
Bhadrakali Mahatyam Gadya Sangraham
ഭദ്രകാളീമാഹാത്മ്യം(ഗദ്യ സംഗ്രഹം)
by Sukesh P. D

© Rights Reserved
First Published March 2020

PUBLISHERS
Vaikhari Research Foundation
Kudappanakkunnu P. O, Thiruvananthapuram
Kerala State, India
website: www.vaikhari.org,www.vaikhari.in
e-mail: vaikharirf@gmail.com
Mob: 8606335299

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

സമർപ്പണം

സുരമനുജകലാപപൂജിതായൈ
ദനുജഭടാളിസമൂലഖണ്ഡിതായൈ
മനുജസുരസമൂഹപാലിതായൈ
പ്രതിദിനമംബ നമോസ്തു ചണ്ഡികായൈ

സകലധരണിദേവസേവിതായൈ
സതതമമർത്ത്യകുലേന സംസ്തുതായൈ
തദനുകൃതസമസ്തരുദ്രകേള്യൈ
സമധികമംബ നമോസ്തു ഭദ്രകാള്യൈ

പരിമഥിതവിരോധിമണ്ഡലായൈ
പരികലിതോത്തമഹസ്തികുണ്ഡലായൈ
സമരവിഹരണൈകലോഭവത്യൈ
സവിനയമസ്തു നമോ നമോ ഭവത്യൈ

കൊടുങ്ങല്ലൂരമ്മയുടെ
പാദാരവിന്ദങ്ങളിൽ സമർപ്പിക്കുന്നു

ആമുഖം

കകാരാദികാളീസഹസ്രനാമ സ്തോത്രത്തിലെ കേരളാശ്രയാ, കേരളാചാരനിപുണാ, കേരളേന്ദ്രഗൃഹസ്ഥിതാ എന്നീ നാമങ്ങൾ കാളീ ഉപാസനയിൽ കേരളത്തിനുള്ള പ്രാധാന്യത്തെ സൂചിപ്പിക്കുന്നവയാണ്. കേരളത്തിലെ അനുഷ്ഠാനപരമായ കാളീ ആരാധനകൾക്കെല്ലാം ആധാരമായത് കാളീദാരുക യുദ്ധകഥയാണ്. ആ കഥ വിശദമാക്കുന്ന സംസ്കൃതകൃതിയാണു ഭദ്രകാളീമാഹാത്മ്യം. മാർക്കണ്ഡേയ പുരാണത്തിൽ ഉൾപ്പെട്ടതാണ് ഭദ്രകാളീ മാഹാത്മ്യം എന്നാണു കേരളീയ വിശ്വാസം.

ഇന്നു ലഭ്യമായ മാർക്കണ്ഡേയ പുരാണത്തിൽ ഭദ്രകാളീമാഹാത്മ്യം കാണുന്നില്ല. തികച്ചും കേരളീയമായ ഗ്രന്ഥമാണിതെന്നു കരുതാം. ഭദ്രോൽപ്പത്തി കിളിപ്പാട്ടിനു ഭദ്രകാളീ മാഹാത്മ്യത്തേക്കാൾ പഴക്കം അവകാശപ്പെടാമെന്ന് ചില പണ്ഡിതർ അഭിപ്രായപ്പെടുന്നു. ശിവശർമ്മൻ എന്ന ബ്രാഹ്മണന മാർക്കണ്ഡേയ മഹർഷി ദേവീമാഹാത്മ്യം ഉപദേശിച്ചു നൽകിയശേഷം ഭദ്രകാളിയുടെ മാഹാത്മ്യം പറഞ്ഞു കൊടുക്കുന്ന വിധത്തിലാണു ഭദ്രകാളീമാഹാത്മ്യം രചിക്കപ്പെട്ടിരിക്കുന്നത്. സുതീഷ്ണമഹർഷി ചന്ദ്രസേന മഹാരാജാവിനു പറഞ്ഞുകൊടുത്ത ഭദ്രകാളീചരിതമാണു മാർക്കണ്ഡേയ മഹർഷി ശിവശർമ്മനു പറഞ്ഞു കൊടുക്കുന്നത്. ഒൻപത് അദ്ധ്യായങ്ങളുള്ള ഭദ്രകാളീമാഹാത്മ്യത്തിന്റെ കഥാസാരം ചുരുക്കി അവതരിപ്പിക്കുകയാണ് ഈ ഗദ്യസംഗ്രഹത്തിന്റെ ലക്ഷ്യം. കാളീകഥാരസം നുകരാൻ ആഗ്രഹിക്കുന്ന എല്ലാ സജ്ജനങ്ങൾക്കുമായി ഈ പുസ്തകം സമർപ്പിക്കുന്നു.

കുടപ്പനക്കുന്ന് സുകേഷ് പി. ഡി.
29/03/2020

കാളീ കാളഘനാളിമേചകമഹാ-
കായാ ച മായാമയീ
കാളിന്ദീജലഭംഗഭംഗികബരീ-
ഭാരാഭിരാമാനനാ
നാളീകായതലോചനാ നരസുര-
ശ്രേണീസമാരാധിതാ
കേളീദാരിതദാരുകാസുരശിരോ-
ജാഗ്രത്കരാ പാതു നഃ

ഭദ്രകാളീമാഹാത്മ്യം
കഥാ സംഗ്രഹം

ആശ്രമത്തിൽ സുഖാസനത്തിൽ ഇരുന്നരുളുന്ന മാർക്കണ്ഡേയ മഹർഷിയെ സമീപിച്ചു ഭക്തിയോടെ വന്ദിച്ച് ശിവശർമ്മനെന്ന ബ്രാഹ്മണൻ ഇപ്രകാരം ചോദിച്ചു. 'ഹേ ഭഗവൻ, അവിടുന്ന് വിസ്തരിച്ചു പറഞ്ഞു തന്ന ദേവീമാഹാത്മ്യം കേൾക്കുകയാൽ എന്റെമനസ്സ് പ്രസന്നമായിരിക്കുന്നു. ഞാൻ ഭദ്രകാളീമാഹാത്മ്യവും കേൾക്കുവാൻ ഇച്ഛിക്കുന്നു. ദയവായി പറഞ്ഞു തന്നാലും. മാർക്കണ്ഡേയൻ പറഞ്ഞു: അല്ലയോ ബ്രാഹ്മണാ, ഭദ്രകാളിയുടെ അവതാരവും അത്ഭുത കർമ്മങ്ങളും ഇനി പറഞ്ഞുതരാം. കേട്ടുകൊള്ളുക.

രുദ്രന്റെ പുത്രിയായി, ലോകത്തിനു മംഗളം വരുത്തുവാനായി സാദ്ധ്വിയും മഹേശ്വരിയും സനാതനിയുമായ ഭദ്രകാളി അവതരിച്ചു. കല്യാണിയായ ആ ദേവി മന്നിൽ കാട്ടിയ മഹത്തായ വിക്രമങ്ങളെയെല്ലാം ഞാൻ ഭവാനു വിസ്തരിച്ചു പറഞ്ഞുതരാം. അല്ലയോ ശിവശർമ്മദ്വിജ, കേട്ടുകൊൾക.

കാശ്മീരനഗരത്തിലെ രാജാവായി ബലവാനും ധർമ്മനിഷ്ഠനും ചന്ദ്രതുല്യ മുഖബിംബത്തോടു കൂടിയവനുമായ ചന്ദ്രസേനൻ വാണിരുന്നു. മഹാരഥനായ അദ്ദേഹം ഒരു നാൾ സൈന്യസമേതനായി വില്ലുമമ്പും ധരിച്ച് രഥാരൂഢനായി നായാട്ടിനായി ദണ്ഡകാരണ്യത്തിൽ എത്തിച്ചേർന്നു. സിംഹങ്ങളേയും വ്യാഘ്രങ്ങളേയുമെല്ലാം നിഗ്രഹിച്ച് കാട്ടിലൂടെ മുന്നേറവേ ഉന്നതമായ ഒരു വാല്മീകം(ചിതൽപുറ്റ്) തന്റെ മുന്നിലായി അദ്ദേഹം കണ്ടു. ആ പുറ്റിനു സമീപമുള്ള മരത്തിൽ തന്റെ പർവ്വതസമാനശരീരികളായ രണ്ട ഗജവീരന്മാരേയും ചങ്ങലകൊണ്ടു ബന്ധിച്ച ശേഷം മഹാരാജാവ് ഒരു പാറയിൽ വിശ്രമിക്കാനായി ഇരുന്നു. വീരനായ ആ ചന്ദ്രസേന മഹാരാജാവ് മന്ത്രിമാരോട് കൂടി എല്ലാം മറന്നു വളരെ നേരം

ചൂതുകളിയിൽ ഏർപ്പെട്ടു.

ഈ സമയത്ത് മദമേറിയ ആ ഗജവീരന്മാർ തങ്ങളുടെ കാലുകൾ കൊണ്ട ആ ചിതൽപുറ്റ് തകർത്തു കളഞ്ഞു. ഉടൻ തന്നെ ആ പുറ്റിൽ നിന്നും കരിമ്പനപോലെ കറുത്തിരുണ്ടതും ഉയരമേറിയതുമായ ശരീരത്തോടുകൂടിയവനും ക്രോധം മൂലം ചുവന്നുകലങ്ങിയ നേത്രങ്ങളോടുകൂടിയവനുമായ ഒരു ഘോരപുരുഷൻ അട്ടഹാസത്തോടെ ഉയർന്നുവന്നു. തടിച്ചുരുണ്ടതും ദീർഘവുമായ തന്റെ ഇരുകരങ്ങളും നീട്ടി ആ ഘോരപുരുഷൻ രണ്ടു ഗജവീരന്മാരേയും ക്ഷണനേരം കൊണ്ട യാതൊരു ആയാസവും കൂടാതെ ഭക്ഷിച്ചു കളഞ്ഞു. വീണ്ടും ഉഗ്രമായി ആ രൂപം ഗർജ്ജിച്ചു. തുടർന്ന് ആ ഘോരപുരുഷൻ രാജാവിനേയും മന്ത്രിമാരേയും പിടിക്കാനായി മുമ്പോട്ടു കുതിച്ചു. രാജാവും പരിവാരങ്ങളും ഭീതരായി പലായനം ചെയ്തു. ഭൂതം അവരുടെ പിന്നാലെ പാഞ്ഞു.

ഭീതരായി ഓടിയ ചന്ദ്രസേനാദികൾ ഒടുവിൽ ദണ്ഡകാരണ്യത്തിലെ സുതീക്ഷ്ണ മഹർഷിയുടെ ആശ്രമത്തിലെത്തിച്ചേർന്നു. ഭയഗ്രസ്തരായ അവർ മുനിയെ വന്ദിച്ചു. പേടിച്ചരണ്ടു തന്നെ ആശ്രയം പ്രാപിച്ച ആ രാജാവിനെക്കണ്ട കൃപ തോന്നിയ താപസശ്രേഷ്ഠൻ ഇപ്രകാരം അദ്ദേഹത്തോടു ചോദിച്ചു. ഹേ മഹാരാജാവേ അങ്ങ് എവിടെ നിന്നും വരുന്നു? അങ്ങയുടെ പിന്നാലെ ഓടിയെത്തിയവൻ ആരാണ്? ആരു മൂലമാണു ഭവാനു ഇപ്രകാരം ഭീതിയുണ്ടായത്? എല്ലാം ശരിക്കു പറഞ്ഞുകൊള്ളുക.

രാജാവു പറഞ്ഞു - അല്ലയോ മഹായോഗിൻ, എന്നെ രക്ഷിച്ചാലും, കാട്ടിൽ വെച്ച് എന്റെ ഗജങ്ങൾ തകർത്ത പുറ്റിൽ നിന്നുണ്ടായവനാണ് ഈ ഭയങ്കരരൂപി. അവൻ എന്റെ രണ്ടാനകളേയും ഭക്ഷിച്ചശേഷം എന്റെ പിന്നാലെ ഇതാ പാഞ്ഞു വരുന്നു. ഉഗ്രരൂപിയായ ഇവൻ ഞങ്ങളെയൊന്നാകെ ഭക്ഷിച്ചു

കളയും. അല്ലയോ മഹർഷേ ആശ്രയം പ്രാപിച്ചിരിക്കുന്ന ഞങ്ങളെ അവിടുന്നു കാത്തുരക്ഷിച്ചാലും.

സുതീക്ഷ്ണൻ പറഞ്ഞു: രാജാവേ, ഭീതി വേണ്ട, ദ്രോഹിക്കപ്പെട്ട മഹാഭൂതമാണിവൻ എന്നതു നിശ്ചയം തന്നെ. ഇവനാരാണെന്നു ജ്ഞാനദൃഷ്ടിയിലൂടെ അറിഞ്ഞ് ഞാൻ തടയുന്നുണ്ട്. ജ്ഞാനദൃഷ്ടിയിലൂടെ സത്യാവസ്ഥ മനസ്സിലാക്കിയ മുനിവരൻ ഭൂതത്തോട് ഇപ്രകാരം അഭ്യർത്ഥിച്ചു. 'അല്ലയോ മഹാനുഭാവനായ മഹാഭൂതമേ, ഭവാൻ ഭദ്രകാളിയുടെ പ്രിയ ഭൃത്യനല്ലേ. അറിയാതെ ഈ രാജാവു ചെയ്തുപോയ തെറ്റ് ധീമാനായ ഭവാൻ പൊറുത്താലും. ഞാൻ അങ്ങയെ കൈതൊഴുന്നു.' സുതീക്ഷ്ണ മുനിയുടെ ഈ ഉത്തമവചനങ്ങൾ കേട്ട് ആ ഭൂതം മുനിയെ വന്ദിച്ചശേഷം ഭദ്രകാളീ സവിധത്തിലേക്ക് യാത്രയായി.

ഇതു കണ്ട ചന്ദ്രസേന നൃപൻ സുതീക്ഷ്ണമുനിയോട് ചോദിച്ചു. 'ഈ ഭദ്രകാളിയാരാണ്? എനിയ്ക്ക് കൂടുതൽ അറിയാൻ ആഗ്രഹമുണ്ട്. വിസ്തരിച്ചു പറഞ്ഞാലും.' ആനകളെ ഭക്ഷിക്കുവാൻ തക്ക ശക്തിയുള്ള സമർത്ഥനായ കിങ്കരനുള്ള ആ ദിവ്യശക്തിയുടെ പ്രഭാവം അത്യത്ഭുതം തന്നെ. ആരാണ് ആ ദിവ്യശക്തി? ആ ദിവ്യശക്തിയുടെ ചരിത്രം എന്നോട് ദയവായി പറഞ്ഞാലും.

മഹാരാജാവിന്റെ ഇപ്രകാരമുള്ള വാക്കുകൾ കേട്ട് മഹാമുനിയായ സുതീക്ഷ്ണൻ അല്പസമയം ആലോചിച്ചു. ശിഷ്യത്വത്തിന രാജാവ് അർഹനാണ് എന്നു മനസ്സിലാക്കിയ മുനി ഇപ്രകാരം പറഞ്ഞു. അല്ലയോ ചന്ദ്രസേന മഹാരാജാവേ, ഞാൻ സർവ്വവും പറഞ്ഞുതരാം. മംഗളപ്രദമായ ഭദ്രകാള്യുൽപ്പത്തി കേട്ടുകൊള്ളുക.

പണ്ടൊരിക്കൽ ദേവന്മാരും ദൈത്യന്മാരുമായി ഘോരമായ ഒ

രു യുദ്ധം നടന്നു. ആ യുദ്ധത്തിൽ ദേവപക്ഷം ചേർന്ന ഭഗവാൻ ശ്രീഹരി തന്റെ സുദർശനചക്രത്താൽ ദൈത്യന്മാരുടെയെല്ലാം തലയറുത്തു. ദാനവകുലം ഇപ്രകാരം മുച്ചൂടും മുടിഞ്ഞപ്പോൾ നാലു ദൈത്യകുമാരിമാർ പാതാളത്തിൽ അഭയം തേടി. ശോകാതുരരായ അവർ കൂടിയാലോചിച്ചശേഷം ഇപ്രകാരം തീർച്ചപ്പെടുത്തി. 'നമ്മുടെ ഇടയിൽ ദാനവതിയും പിന്നെ ദാരുമതിയും ഭർത്തൃമതികളും പതിവ്രതകളുമാണ്. അതിനാൽ അവർ ഘോരതപസ്സുചെയ്തു ബ്രഹ്മദേവനെ പ്രീതിപ്പെടുത്തണം.ദൈത്യനാരികളായ തങ്ങൾ ജീവിച്ചിരിക്കുമ്പോൾ കുലക്ഷയം ഉണ്ടാകുന്നത് കഷ്ടം തന്നെ എന്നു ചിന്തിച്ച ദാനവതി യും ദാരുമതിയും ഉടനേ പശ്ചിമ സാഗരതീരത്തു സ്ഥിതിചെയ്യുന്ന ഗോകർണ്ണമെന്ന് പ്രഖ്യാതവും സർവ്വജീവന്മാർക്കും ശങ്കരമായതുമായ(മംഗളമരുളുന്നതും) ശങ്കരഭഗവാനറെ മഹാക്ഷേത്രത്തിൽ എത്തിചേർന്നു.

സർവ്വദേവന്മാരാലും വന്ദിക്കപ്പെടുന്നതും സർവ്വർക്കും ശുഭമരുളുന്നതുമായ ആ മഹാക്ഷേത്രത്തിൽ ദാനവതി ദാരുമതിമാർ ചെന്നു ചേർന്നു. ഗോകർണ്ണത്തിലെ പവിത്രമായ കോടിതീർത്ഥത്തിൽ സ്നാനം ചെയ്ത് അവർ നിദ്രയും ആഹാരവും ആധിയും വെടിഞ്ഞ് ഘോരമായ തപസ്സ് ആരംഭിച്ചു. പഞ്ചാഗ്നിമധ്യത്തിൽ സ്ഥിതിചെയ്ത് പഞ്ചേന്ദ്രിയങ്ങളേയും അടക്കി ബ്രഹ്മദേവനെ ഉദ്ദേശിച്ച് ഒരു മണ്ഡലകാലം കഠിനമായി അവർ തപസ്സനുഷ്ഠിച്ചു.

പത്മസംഭവനായ ബ്രഹ്മദേവൻ അവരുടെ മുന്നിൽ പ്രത്യക്ഷനായി. 'നിങ്ങൾക്ക് ഇഷ്ടമുള്ള വരം വാങ്ങുക' എന്ന് ബ്രഹ്മദേവൻ അവരോട് ആവശ്യപ്പെട്ടു. ദൈത്യവംശത്തിന്റെ അഭിവൃദ്ധിയ്ക്കായി തങ്ങൾക്കിരുവർക്കും ബലിഷ്ഠരായ ഓരോ പുത്രന്മാരെ വീതം നൽകണമെന്ന് അവർ ബ്രഹ്മദേവനോട് അഭ്യർത്ഥിച്ചു. അവർ ചോദിച്ച വരം നൽകി ബ്രഹ്മദേവൻ അന്തർദ്ധാനം ചെയ്തു. സന്തുഷ്ടരായ ദാനവതി ദാരുമതിമാർ

പാതാളത്തിൽ തിരിച്ചെത്തി തങ്ങളുടെ ഭർത്താക്കന്മാരെ വന്ദിച്ചു. കാലക്രമത്തിൽ ഇരുവരും ഗർഭം ധരിച്ചു. പത്തുമാസം കഴിഞ്ഞപ്പോൾ അവർ പുത്രന്മാർക്കു ജന്മം നൽകി.

ദാനവതിയുടെ പുത്രൻ ദാനവനെന്ന നാമധേയത്തിലും വീര്യവാനായ ദാരുമതീ പുത്രൻ ദാരുകനെന്നും വിളിക്കപ്പെട്ടു. ദാരുകൻ ജനിച്ച വേളയിൽ നിരവധി ദുർനിമിത്തങ്ങളുണ്ടായി. ഇടിമിന്നലുണ്ടായി. നായ്ക്കൾ ഓരിയിട്ടു. നാലുപാടും പൊടിപറത്തിക്കൊണ്ട ഉഗ്രമായ ചുഴലിക്കാറ്റ് വീശിയടിച്ചു. മേഘങ്ങൾ രക്തം പൊഴിച്ചു. വൻവൃക്ഷങ്ങൾ കടപുഴകി വീണു. സമുദ്രങ്ങളും, വനങ്ങളും, പർവ്വതങ്ങളും ഭൂമിയാകെയും പ്രകമ്പനംകൊണ്ടു. അഗ്നിഹോത്രികളുടെ മൂന്നഗ്നികളും ദുർമ്മൃതി പ്രാപിച്ചു(അണഞ്ഞുപോയി).

ദാനവനും ദാരുകനും ക്രമേണ കൗമാരാവസ്ഥ വിട്ടു യൗവ്വനം പ്രാപിച്ചു. ഇതിനിടയിൽ മാതാക്കന്മാരിൽ നിന്നും തങ്ങളുടെ കുലവിനാശകരായ വിഷ്ണുവിനേയും ദേവന്മാരേയും കുറിച്ച് അവർ അറിയുകയും ചെയ്തു. വേഗത്തിൽ വരം തരുന്നതു ബ്രഹ്മാവാണെന്ന് കേട്ടറിഞ്ഞ ദാരുകൻ ഗോകർണ്ണത്തിലെത്തി അതിദാരുണമായ തപസ്സനുഷ്ഠിച്ചു.

വേനലിൽ പഞ്ചാഗ്നി നടുവിലും, മഞ്ഞുകാലത്ത് ജലമദ്ധ്യത്തിലും മഴക്കാലത്ത് തുറസ്സായ സ്ഥലത്തും വായുമാത്രം ഭക്ഷിച്ച് അവൻ തപസ്സ് ചെയ്തു. വൃക്ഷാഗ്രത്തിൽ തലകീഴായിക്കിടന്ന് തീപ്പുകയേറ്റും, നിലത്ത് ഒരു കാൽ വിരലിൽ ഊന്നി നിന്നും പരമദുഷ്ടനായ അവൻ തപസ്സുചെയ്തു വന്നു. ഇപ്രകാരമെല്ലാം തപസ്സു ചെയ്തിട്ടും അവന്റെ മുന്നിൽ ബ്രഹ്മദേവൻ പ്രത്യക്ഷപ്പെട്ടില്ല. ലോകനാശത്തിനു വേണ്ടിയാണ് ഈ ദുഷ്ടൻ യത്നിക്കുന്നതെന്ന് ബ്രഹ്മദേവൻ തിരിച്ചറിഞ്ഞിരുന്നു. ബ്രഹ്മാവു പ്രത്യക്ഷനാകാത്തതിൽ കുപിതനായി രക്തവർണ്ണനേത്രത്തോടു കൂടിയ ദാരുകാസുരൻ 'ഞാൻ എ

ന്റെ തലയറുത്ത് ഹോമിക്കും' എന്നു പറഞ്ഞ് വാളെടുത്തു. വീശിയ വാൾ കഴുത്തിനെ സ്പർശിച്ച് ഒരു തുള്ളി രക്തം ഭൂമിയിൽ പതിച്ചമാത്രയിൽ ബ്രഹ്മദേവൻ ദാരുകാസുരന്റെ മുന്നിൽ ആവിർഭവിച്ചു.

ആ വീരനോട് ബ്രഹ്മാവു പറഞ്ഞു : ഇനി മുതൽ നിന്റെ കണ്ഠത്തിൽ നിന്നും നിലത്തു വീഴുന്ന ഓരോ തുള്ളി രക്തത്തിൽ നിന്നും ആയിരം അസുരന്മാർ നിനക്ക് തുല്യ ബലവീര്യപരാക്രമങ്ങളോടെ എന്റെ പ്രഭാവത്താൻ ഉണ്ടാകുന്നതാണ്. ഇതു കൂടാതെ മറ്റെന്തെങ്കിലും വരം വേണമോ? ചോദിക്കുക. ഞാൻ നൽകുന്നതാണ്.

ദാരുകൻ പറഞ്ഞു : ദേവന്മാർ, അസുരന്മാർ, മനുഷ്യർ എന്നിവരാൽ എനിയ്ക്ക് മരണമുണ്ടാവരുത്. ശിവൻ, വിഷ്ണു, ഇന്ദ്രൻ തുടങ്ങിയ ദേവന്മാരാലും എനിയ്ക്ക് മരണം സംഭവിക്കരുത്. ആയിരം ആനകളുടെ ശക്തിയെനിക്കുണ്ടാകണം. ശത്രുക്കൾക്ക് ഭയദായകമായ ബ്രഹ്മദണ്ഡം സകലയുദ്ധങ്ങളും വിജയിക്കുവാനായി എനിക്ക് നൽകിയാലും. മായയുളവാക്കുന്നതും താമസികവുമായ എല്ലാ മന്ത്രദേവതമാരേയും എനിക്ക് നൽകിയാലും. ഈ വരങ്ങളെല്ലാം അല്ലയോ പിതാമഹാ അവിടുന്ന് എനിക്ക് ദാനം ചെയ്താലും.

ബ്രഹ്മാവ് പറഞ്ഞു: ഹേ വീര, നീ എന്തൊക്കെ ഇച്ഛിച്ചുവോ അതെല്ലാം ഞാൻ നൽകിയിരിക്കുന്നു. നിന്റെ ഘോരതപസിൽ സന്തുഷ്ടനായ ഞാൻ നിനക്ക് എന്തുവരമാണ് നൽകില്ലാത്തത്.? ഹേ ദൈത്യേന്ദ്രാ ഞാൻ ചോദിക്കട്ടെ. യുദ്ധത്തിൽ സ്ത്രീകളാൽ കൊല്ലപ്പെടരുതെന്ന വരം നീ ചോദിക്കാത്തതെന്താണ്.? മറന്നുപോയതാണോ?

ദാരുകൻ പറഞ്ഞു: അല്ലയോ ബ്രഹ്മദേവാ, ഇതു പരിഹാസ്യം തന്നെ. എന്നെ സ്ത്രീകൾ വധിക്കുമെന്നോ? ചപലകളായ

അവർ എന്നെക്കാണുമ്പോൾത്തന്നെ പഞ്ഞി പറക്കുന്നതു പോലെ പറന്നകലുകയില്ലേ. ഇപ്രകാരമുള്ള ഒരു വരം നേടിയാൽ ദേവകൾ എന്നെ പരിഹസിക്കും. ഞാനെന്നല്ല, നാണമുള്ളവരാരും ഇങ്ങനെയൊരു വരം വാങ്ങുകയില്ല. കൂടാതെ, ദൈത്യവംശത്തിൽ ജനിച്ചവനായതിനാൽ സ്ത്രീമൂലം മരണമുണ്ടാവരുതെന്ന വരം ആവശ്യപ്പെടുവാൻ എനിയ്ക്ക് ആഗ്രഹമില്ല.

ബ്രഹ്മാവു പറഞ്ഞു: നിന്റെ അഹങ്കാരം കൊള്ളാം. ഒരു ദിവ്യസ്ത്രീയാലാകും നിന്റെ മരണം. ആ ദിവ്യനാരിയുമായുള്ള യുദ്ധത്തിൽ എന്റെ ബ്രഹ്മദണ്ഡും മന്ത്രശക്തിയുമൊന്നും നിനക്കു തുണയാവുകയില്ല. ദാരുകൻ പറഞ്ഞു: ദേവിയോ, മനുഷ്യസ്ത്രീയോ, യക്ഷിയോ, രാക്ഷസിയോ ഒന്നും എന്നെ കൊല്ലുവാൻ ശക്തയാകില്ല. ഹേ പിതാമഹാ പോകുക, പോകുക.

അഹങ്കാരപൂർവ്വമുള്ള ദാരുക വാക്കുകൾ കേട്ട് സന്തോഷത്തോടെ ബ്രഹ്മദേവൻ അന്തർദ്ധാനം ചെയ്തു. ബ്രഹ്മദേവൻ മറഞ്ഞശേഷം ദാരുകൻ പാതാളത്തിൽ എത്തിച്ചേർന്നു. ജ്യേഷ്ഠനേയും അച്ഛനമ്മമാരേയും വന്ദിച്ച് ദാരുകൻ അവരെ തന്റെ വരലബ്ധി അറിയിച്ചു. ബന്ധുജനങ്ങളെയെല്ലാം ഈ വാർത്തയാൽ അവൻ സന്തോഷിപ്പിച്ചു. രാജധാനി നിർമ്മിക്കുവാനായി അസുരശിൽപിയായ മയനെ വരുത്തുകയാണ് ദാരുകൻ പിന്നീട് ചെയ്തത്. ദൈത്യവംശത്തിന ഉയർച്ചയുണ്ടാകണമെന്ന് ആഗ്രഹിക്കുന്ന ധീമാനും മാനശാലിയുമായ മയാസുരൻ ദാരുകരാജധാനി നിർമ്മിക്കുവാനായി പടിഞ്ഞാറൻ കടലിന്റെ തീരത്തു ചെന്നുചേർന്നു.

ഉത്തുംഗങ്ങളായ ഹർമ്മ്യങ്ങളുടെ വൻനിരയും മണിമാളികകളും, കേളീവനങ്ങളും, മനോഹരങ്ങളായ തോരണങ്ങളാലലംകൃതമായ സ്വർണ്ണ-രജത-രത്നശാലകളും ക്രീഡാഗൃഹ

ങ്ങളും, സ്വർണ്ണമയമായ കൊത്തളങ്ങളും, മനോഹരങ്ങളായ കിണറുകൾ, താമരപ്പൊയ്കകൾ, കേളീശൈലങ്ങൾ, നൂറുകണക്കിനു പ്രാസാദങ്ങൾ, ഗോപുരങ്ങൾ, സുന്ദരമായ ഇളംതിണ്ണകൾ, മുറ്റം, വീഥികൾ, അങ്ങാടികൾ, മാണിക്യകാന്തിപരത്തുന്ന നൂറുകണക്കിനു മന്ദിരങ്ങൾ തുടങ്ങിയവയും, ആനകൾക്കും, കുതിരകൾക്കും, ഒട്ടകങ്ങൾക്കും, പശുക്കൾക്കുമുള്ള വാസസ്ഥാനങ്ങളും, മന്ദാരം, മുല്ല, ചന്ദനം, ഇലഞ്ഞി, കദളി, തെങ്ങ് മുതലായ സസ്യജാലങ്ങളാൽ അലങ്കാരപ്പെട്ടു പ്രഭാമയമായ ഭൂപ്രദേശവും, തളിൽവെറ്റിലക്കൊടി പടർന്നുകയറിയ കവുങ്ങുകൾ ആടിക്കളിക്കുന്ന തടാകങ്ങളും, ഈന്തപ്പന, പന,കൊന്ന, പുന്ന, പുന്നാഗം, ചമ്പകം ഇത്യാദികൾ നിരന്നതും, വെൺകരിമ്പ്, വാഴകൾ, കൈത തുടങ്ങിയവ ഇടതൂർന്നതും, ദേശങ്ങൾ തോറും സഞ്ചരിക്കുന്ന വ്യാപാരികൾ വിൽക്കുന്ന കസ്തൂരിമുതലായ സുഗന്ധദ്രവ്യങ്ങളുടെ നറുമണം സദാ നിറഞ്ഞിരിക്കുന്നതും മാണിക്യം, മുത്ത്, മരതകം, പുഷ്യരാഗം തുടങ്ങിയ രത്നങ്ങൾ സർവ്വഗൃഹങ്ങളിലും സമൃദ്ധമായുള്ളതും, ഇന്ദ്രരാജധാനിയായ അമരാവതിയെ വെല്ലുവിളിക്കുന്നതുമായ ഒരു രാജധാനിയാണു ദാരുകനായി മയൻ പണിതീർത്തത്.

ശുഭലക്ഷണയുക്തമായ സുമുഹൂർത്തത്തിൽ ദാരുകൻ തന്റെ പരിവാരങ്ങളോടുകൂടി ഗൃഹപ്രവേശം ചെയ്തശേഷം മാളികമുകളിൽ ചെന്നുകയറി. മയാസുരനെ പട്ടും വളയും മറ്റ് സമ്മാനങ്ങളും നൽകി സന്തോഷിപ്പിച്ചു യാത്രയാക്കി. തുടർന്ന് ദാരുകാജ്ഞയനുസരിച്ച് ദുന്ദുഭിപടഹാദികളുടെ ശബ്ദഘോഷം സർവ്വത്ര മുഴങ്ങി. മഹാവിഷ്ണുവിന്റെ സുദർശനചക്രത്തെ ഭയന്നു ഗുഹകളിൽ ഒളിച്ചിരുന്ന ദൈത്യന്മാർ ഈ ദുന്ദുഭിനാദം കേട്ടതിനാൽ സന്തോഷത്തോടുകൂടി, അഹങ്കാരത്തോടെ, ദേവന്മാരെ ദ്രോഹിക്കണമെന്ന ചിന്തയോടെ, ഗുഹകൾ വെടിഞ്ഞ് ദാരുക രാജധാനിയിൽ എത്തിച്ചേർന്നു.

അനേകകോടികൾ വരുന്ന ആ അസുരന്മാർ ആബാലവൃദ്ധം ഒത്തുചേർന്ന് ദാരുകാസുരനെ സമസ്ത അസുരന്മാരുടേയും ചക്രവർത്തിയായി അഭിഷേകം ചെയ്തു. ചില അസുരന്മാർ അസുരേന്ദ്രന്റെ സേനാപതിമാരായും ചിലർ മന്ത്രിമാരായും വേറേ ചിലർ സഖാക്കളായും മാറി. വാള്, മുദ്ഗരം, അമ്പ്, വില്ല്, മുൾത്തടി, ശൂലം, മഴു, ഗദ, കുന്തം, പട്ടിശം തുടങ്ങിയ തീക്ഷ്ണങ്ങളായ നാനാവിധ ആയുധങ്ങളേന്തിയ സൈന്യത്തോടൊപ്പം, മഹാവീരനായ ദാരുകൻ ഇന്ദ്രരാജധാനിയായ അമരാവതിയിൽ പ്രവേശിച്ചു. ക്രോധം കൊണ്ടു ചുവന്നു കലങ്ങിയ നേത്രങ്ങളോടുകൂടിയ സൈന്യത്തോടൊത്ത് ഭേരീശബ്ദം മുഴക്കി ദാരുകാസുരൻ അമരാവതി വളഞ്ഞപ്പോൾ ഭയഭീതരായ ദേവകൾ വിറച്ചു തുടങ്ങി.

ആ അസുരശ്രേഷ്ഠൻ ദേവരാജാവിനെ യുദ്ധത്തിനു വിളിച്ചു. പോർവിളി കേട്ട് ഇന്ദ്രൻ യുദ്ധസജ്ജനായി ഇറങ്ങി. ഐരാവതത്തിൻ പുറത്തേറി വജ്രപാണിയായ ഇന്ദ്രൻ ദേവസൈന്യത്തോടൊപ്പം പടയ്ക്കിറങ്ങി ശത്രുവായ അസുരനെ നേരിട്ടു. വാശിയോടെയുള്ള ആ യുദ്ധം ആയോധനസാമർത്ഥ്യത്താൽ കൊടുമ്പിരിക്കൊണ്ടു. വീരന്മായ ദേവന്മാരുടെ ശരങ്ങളേറ്റു മുറിഞ്ഞുവീഴുന്ന ദൈത്യകണ്ഠങ്ങളിൽ നിന്നും വാർന്നൊഴുകുന്ന രക്തധാര, മേരുപർവ്വതത്തിന്റെ കൊടുമുടിയിൽ നിന്നും പ്രവഹിക്കുന്ന കാവിമണ്ണിന്റെ ചുവപ്പാർന്ന നദിയെന്ന പോലെ കാണപ്പെട്ടു.

ശക്രന്റെ(ഇന്ദ്രന്റെ) വജ്രായുധമാകുന്ന അഗ്നിയിൽ ശുക്ര ശിഷ്യന്മാരാകുന്ന ജലം ഭയത്താൽ തിളച്ചു തുടങ്ങിയ വേളയിൽ സംഭ്രാന്തനായ ദാരുകാസുരൻ ബാണങ്ങളാൽ ജംഭാരിയെ നേരിട്ടു. തീക്ഷ്ണങ്ങളായ അഞ്ച് അസ്ത്രങ്ങളാൽ ഐരാവതത്തേയും മൂന്നമ്പുകളാൽ ഇന്ദ്രസാരഥിയായ മാതലിയേയും എട്ടസ്ത്രങ്ങളാൽ ഉച്ചൈശ്രവസ്സിനേയും ദാരുകൻ ആക്രമിച്ചു. ഘോരാസ്ത്രവർഷത്താൽ ദാരുകൻ ദേവസൈ

ന്യത്തെയാകെ ഓടിച്ചു. വജ്രാഗ്നിയിൽ ദേവേന്ദ്രൻ അസുരന്റെ ശരങ്ങളെ ചുട്ടുചാമ്പലാക്കി. ദാരുകന്റെ ശിരസ്സു ഛേദിക്കുവാനായി ദേവേന്ദ്രൻ വജ്രായുധം വീശിയ വേളയിൽ ബ്രഹ്മദണ്ഡ് ദാരുകൻ കയ്യിലെടുത്തു. ആ ബ്രഹ്മദണ്ഡത്തിൽ നിന്നും ഉത്ഭവിച്ച ശക്തരായ മഹാഭൂതഗണങ്ങളാൽ തോൽപ്പിക്കപ്പെട്ട ദേവകളെല്ലാം ഭയഭീതരായി പാഞ്ഞു തുടങ്ങി.

ഐരാവതമുകളിൽ നിന്നും ചാടിയിറങ്ങി പുരന്ദരനായ ഇന്ദ്രൻ ദേവഗണങ്ങളോടൊപ്പം പർവ്വത ഗുഹകളിലേയ്ക്ക് ഓടിയൊളിച്ചു. ഇന്ദ്രന്റെ സകലസമ്പത്തുക്കളും - കല്പവൃക്ഷാദികളും മറ്റ് അമൂല്യദിവ്യവസ്തുക്കളും - ദാരുകൻ തുടർന്ന് അപഹരിച്ചു. അപഹരിച്ച ദിവ്യദ്രവ്യങ്ങളുമായി അസുരേശ്വരൻ തന്റെ രാജധാനിയിൽ തിരിച്ചെത്തി യഥാസുഖം വിഹരിച്ചു. അസംഖ്യം സൈനികന്മാരും തന്റെ മന്ത്രിമാരുമൊരുമിച്ച് പതിന്നാലുലോകങ്ങളിലും ദാരുകൻ ആധിപത്യം സ്ഥാപിച്ചു. ഇന്ദ്രൻ, അഗ്നി, യമൻ, നിരൃതി, വരുണൻ, വായു, കുബേരൻ, രുദ്രൻ എന്നീ അഷ്ടദിക്പാലകരുടെ സ്ഥാനത്ത് ദുഷ്ടന്മാരായ എട്ട് ദൈത്യന്മാരെ നിയോഗിച്ചു. തന്റെ കിങ്കരന്മാരാൽ ഭൂമിയിൽ ഗോക്കളേയും ബ്രാഹ്മണാദികളേയും ആ ഖലൻ പീഡിപ്പിച്ചുവന്നു. ആ കിങ്കരന്മാർ സമസ്ത യജ്ഞങ്ങളും മുടക്കി. പതിവ്രതകളായ സ്ത്രീജനങ്ങളെ ബലമായി പിടിച്ചെടുത്തു. ദേവാലയങ്ങളും ബ്രാഹ്മണാലയങ്ങളുമെല്ലാം നശിപ്പിച്ചു. അവയിലെ ധനവും ധാന്യവുമെല്ലാം കവർന്നു. തണൽ വൃക്ഷങ്ങളെ കോടാലികളാൽ വെട്ടിമുറിച്ചു നിലത്തിട്ടു. നിർമ്മലജലം നിറഞ്ഞ തടാകങ്ങൾ, കിണറുകൾ തുടങ്ങിയവ കല്ലും മണലും വർഷിച്ചു മൂടി, യാത്രികർക്കായുള്ള വഴിയമ്പലങ്ങളെല്ലാം ചുട്ടുചാമ്പലാക്കി. ഗോശാലകളിൽ ഗോക്കളെ അടച്ചിട്ടശേഷം ഗോശാലകൾക്കു നാലു ദിക്കിലും തീയിടുകയും പടർന്നു കയറുന്ന തീയിൽ വെന്തു കരയുന്ന ഗോക്കളെക്കണ്ട് കയ്യടിച്ച് ചിരിക്കുകയും ചെയ്തു. ഇപ്രകാരം ദാരുകാജ്ഞയനുസരിച്ച് കിങ്കരന്മാർ ഭൂമിയിലും സ്വർഗ്ഗത്തിലും

പാതാളത്തിലും അനവധി ദാരുണ കർമ്മങ്ങൾ ചെയ്തുകൂട്ടി.

മയാസുരന്റെ പുത്രിയും കമലവിലോചനയുമായ മനോദരിയെ ദാരുകൻ പരിഗ്രഹിച്ചു. അംഗമാധുര്യത്താൽ മനംകവർന്നീടുന്ന മനോദരിയെന്ന കന്യകയെ ലഭിച്ച ദാരുകൻ കാമാസ്ത്രാഗ്നിയിൽ വെന്ത ഹൃദയവുമായി സകലമനോരഥങ്ങളും സാധിച്ചു സന്തുഷ്ടനായി. മനോദരിയുടെ അധരമധു നുകർന്ന് രാപ്പകൽ സുഖിച്ചതിനാൽ മുന്തിരിച്ചാറിൽ പോലും ക്രമേണ ദാരുകനു താല്പര്യമില്ലാതെയായി. ഉർവശി, മേനക, രംഭ, ചിത്രലേഖ, തിലോത്തമ, മറ്റ് അപ്സരസ്ത്രീകൾ ഇവരെയെല്ലാം ദാരുകൻ ബലം പ്രയോഗിച്ച് മനോദരിയുടെ ദാസിമാരായി നിയോഗിച്ചു. മാഹബലവാനായ ദാരുകൻ ആ ദേവസ്ത്രീകളേക്കൊണ്ട മനോദരിയ്ക്ക് ആലവട്ടം വീശിച്ചു. കാൽ ഉഴിയുവാനും അവരുടെ ഉച്ഛിഷ്ടം ഭക്ഷിക്കുവാനും അപ്സരസ്സുകൾ നിർബന്ധിതരായി. രാജകൊട്ടാരത്തിലെ മുറ്റം അടിച്ചു വാരാനും അവർ നിയോഗിക്കപ്പെട്ടു. മനോദരിയുടെ അഴുക്കുവസ്ത്രങ്ങളെല്ലാം തങ്ങളുടെ കണ്ണീരിൽ കുതിർത്തു നനച്ച് ആ ദേവസ്ത്രീകൾ ഉണക്കിയെടുത്തു.

മനുഷ്യലോകത്ത് നിന്നും ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ ഇന്നിത്യാദി ഭേദങ്ങളൊന്നും വകവെയ്ക്കാതെ ഏതു സ്ത്രീയേയും ആ ദുഷ്ടൻ പിടിച്ചുകൊണ്ടുവന്നു. അവരിൽ സുന്ദരിമാരായവർക്കു ഭാര്യാപദവിയും മറ്റുള്ളവർക്ക് ദാസീസ്ഥാനവും വാവിട്ടുകേഴുന്ന അവർക്കു ദാരുകൻ കല്പിച്ചു നൽകി. സ്ത്രീകളിൽ ആസക്തി, മദ്യപാനം, ചൂതുകളി, നായാട്ട്, പരുഷവാക്യം, ഘോരദണ്ഡന എന്നീ സപ്തവ്യസനങ്ങളോടും കൂടിയവനായിത്തീർന്ന ദാരുകാസുരൻ അഹങ്കാരിയും, ഘോരകർമ്മങ്ങൾ ചെയ്യുന്നവനും ദുരാഗ്രഹിയുമായിരുന്നു. മന്ദാരം, പാരിജാതം, സന്താനം, കല്പവൃക്ഷം, ഹരിചന്ദനം എന്നീ അഞ്ചുദേവവൃക്ഷങ്ങളും നന്ദനോദ്യാന

ത്തിൽ നിന്നും പിഴുതെടുത്ത് തന്റെ രാജധാനിയിലെ ഗൃഹോദ്യാനത്തിൽ കൃപാഹീനനും ശഠനുമായ ദാരുകൻ നട്ടു പിടിപ്പിച്ചു. അർത്ഥിക്കുന്നവർക്ക് വേണ്ടുന്നതെല്ലാം നൽകുന്ന ആ അഞ്ച് ദിവ്യവൃക്ഷങ്ങളുടെ ചുവട്ടിൽ നിത്യവും നനയ്ക്കുവാൻ അപ്സരസ്ത്രീകളെ നിയോഗിച്ചു. ഇപ്രകാരം സകലഭുവനങ്ങളേയും തനിയ്ക്ക് അധീനമാക്കി, ദേവമനുഷ്യനാഗാദികളെയെല്ലാം മഥിക്കുന്നവനായി, തന്റെ ഗൃഹത്തിൽ മനോദരീ സമേതനായി പരമസുഖത്തോടെ ആ ദാനവേന്ദ്രൻ രമിച്ചുവസിച്ചു.

ഇപ്രകാരം ദുരാത്മാവായ ദാരുകന്റെ പീഡനങ്ങൾ താങ്ങാനാവാതെ ഇന്ദ്രാദിദേവകളും ഉപദേവസമൂഹവും തങ്ങളുടെ ദുരവസ്ഥയേക്കുറിച്ച് സങ്കടമുണർത്തിക്കാൻ വരദനായ ബ്രഹ്മദേവന്റെ സ്ഥാനമായ സത്യലോകത്ത് എത്തിച്ചേർന്നു. യോഗിമാരിൽ ശ്രേഷ്ഠനായ ബ്രഹ്മദേവൻ ദേവകളോട് ചോദിച്ചു. 'നിങ്ങൾ എന്തിനായാണു വന്നത്.? പിതാമഹന്റെ ചോദ്യം കേട്ട് ദേവാദികൾ തങ്ങൾക്കുണ്ടായ ആപത്തിനേക്കുറിച്ച് അദ്ദേഹത്തോട് പറഞ്ഞു. ഘോരനായ ദാരുകാസുരൻ ഞങ്ങളെ സ്ഥാനഭ്രഷ്ടരാക്കി. സ്വർല്ലോക സുന്ദരിമാരെ ദാസിമാരാക്കി. ഇപ്പോൾ ഞങ്ങൾക്കാശ്രയം മലകളിലെ ഗുഹകളാണ്. സ്വർല്ലോകഭൂലോകപാതാളങ്ങളേയും ആ മഹാസുരൻ കീഴടക്കി വാഴുന്നു. സ്വർല്ലോകത്തിലെ സമസ്തവസ്തുക്കളും ഇന്ന് ദാരുകന്റെ നഗരത്തിലാണ്. ഞങ്ങളാവട്ടെ മനുഷ്യരേപ്പോലെ ഭൂമിയിൽ ദുഃഖിച്ചു കഴിയുന്നു.

ദേവകളുടെ ആവലാതി കേട്ട ബ്രഹ്മദേവൻ പറഞ്ഞു - എന്റെ സാഹസം മൂലം ഉണ്ടായ കഷ്ടതകളെല്ലാം ഞാൻ അറിയുന്നു. നിങ്ങൾക്കുവന്നുകൂടിയ ദുരിതങ്ങളേക്കുറിച്ച് ആവർത്തിക്കേണ്ടതില്ല. അവദ്ധ്യനാവാനുള്ള വരമാണു ഞാൻ അവനു നൽകിയത്. അതിന പരിഹാരം ഉണ്ടാക്കുക അസാദ്ധ്യമാണ്. ഹേ ദേവന്മാരേ നാമുടനേ പോയി ശ്രീമഹാവിഷ്ണു

വിനെ സ്തുതിച്ച് അദ്ദേഹത്തെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കേണ്ടതാണ്. നമ്മുടെ ഈ ദുഃസ്ഥിതിയ്ക്ക് ശാർങ്ഗപാണിയും ഭൂലക്ഷ്മീപതിയുമായ ആ പ്രഭു പരിഹാരം കാണാതിരിക്കില്ല. ഇപ്രകാരം അരുളിചെയ്തു ബ്രഹ്മദേവൻ ദേവകളോടൊരുമിച്ചു വൈകുണ്ഠത്തിലേയ്ക്ക് യാത്രയായി.

ശ്വേതദ്വീപിൽ എത്തിച്ചേർന്ന ബ്രഹ്മദേവൻ അനന്തശയനായ മഹാവിഷ്ണുവിനെ സ്തുതിവാക്യങ്ങളാൽ സന്തോഷിപ്പിച്ചു. ദാരുകൻ മൂലം ഇന്ദ്രാദി ദേവകൾക്കുണ്ടായ ദുർഗ്ഗതിയേക്കുറിച്ചു പിതാമഹൻ സർവ്വശക്തനായ മഹാവിഷ്ണുവിനെ അറിയിച്ചു. ബ്രഹ്മാവിന്റെ വാക്കുകൾ കേട്ട് ഗരുഡധ്വജനായ വിഷ്ണു ദേവകളോട് ഇങ്ങനെ പറഞ്ഞു. ഹേ ബ്രഹ്മദേവാ, ഹേ ദേവേന്ദ്രാ, എന്റെ വാക്കുകൾ കേൾക്കുക. വരം നേടിയതിനാൽ ശക്തനായിത്തീർന്ന ദാരുകനെ വധിക്കുവാൻ. ഞാൻ പോലും സമർത്ഥനല്ല. അതിനാൽ കൈലാസപർവ്വതത്തിൽ മഹാദേവനെക്കാണുവാനായ് നിങ്ങളെല്ലാവരും പോയാലും. അഭീഷ്ടകാര്യം സാധിക്കുവാനായി ഞാനും വരുന്നതാണ്. ദാരുകവധത്തിന സംഹാരമൂർത്തിയായ ശിവനാണു ശക്തൻ. ഓരോരോ കർമ്മം ചെയ്യാൻ കഴിയുന്നവർ തന്നെയാണ് അതാതു കർമ്മം ചെയ്യാൻ അനുയോജ്യൻ(ദാരുകസംഹാരത്തിന അനുയോജ്യനായതു സംഹാരമൂർത്തിയായ ശിവൻ തന്നെ) നിങ്ങളുടെ സങ്കടം കണ്ടാൽ ഒരു നിമിഷം പോലും ശങ്കരൻ ക്ഷമിയ്ക്കുകയില്ല(ഭക്തദുഃഖം സഹിക്കാൻ കഴിയാത്തവനാണു മഹാദേവൻ) ദേവകളോട് ഇങ്ങനെ പറഞ്ഞ ശേഷം ഗരുഡന്റെ പുറത്തേറി മഹാവിഷ്ണു ബ്രഹ്മാവിനോടും ഇന്ദ്രനോടും ദേവസമൂഹങ്ങളോടുമൊപ്പം വെള്ളിമാമലയിൽ എത്തിച്ചേർന്നു.

പാർവ്വതീദേവിയെ മടിയിരുത്തി വസിക്കുന്ന സർവ്വജ്ഞനും അവ്യയനും അഖിലേശ്വരനുമായ ശർവനെ ദേവാദികൾ അവിടെ ദർശിച്ചു. ഇന്ദ്രാദികൾ പാർവ്വതീസഹിതനായ മഹാദേ

വനെ സാഷ്ടാംഗം പ്രണമിച്ചു. ബ്രഹ്മദേവനും മഹാവിഷ്ണുവും ശിവപാർവ്വതിമാരുടെ ഇരുപാർശ്വങ്ങളിലുമായി ഇരുപ്പുറപ്പിച്ചു.

ബ്രഹ്മാദികളിൽ നിന്നും സകലവൃത്താന്തങ്ങളും വിശ്വനാഥനായ മഹേശ്വരൻ അറിഞ്ഞു. തുടർന്ന് ത്രിമൂർത്തികൾ ഒരുമിച്ച് ഇപ്രകാരം കൂടിയാലോചിച്ചു. ഈ പാപിയായ ദാരുകനെ വധിക്കുന്നതെങ്ങനെ? ഏതു വിശ്വവിപ്ലവം ചെയ്താലാണു ഈ കർമ്മം നടക്കുക? വിഷ്ണു പറഞ്ഞു - ഹേ ബ്രഹ്മദേവാ അങ്ങ് ഈ ദുഷ്ടനായ ദാരുകന എന്തുവരമാണ് നൽകിയത്.? അവന എത്രനാൾ ആയുസ്സുണ്ടാകുമെന്നാണ് അങ്ങ് പറഞ്ഞിരിക്കുന്നത്?

ബ്രഹ്മദേവൻ പറഞ്ഞു - ഞാൻ അവനു നൽകിയ ആയുസ്സ് ഏതാണ്ട അവസാനിക്കാറായിരിക്കുന്നു. സ്ത്രീകളാലും വധിക്കാനാവില്ല എന്ന വരം ഞാൻ അവനു നൽകിയിട്ടില്ല. മഹാവിഷ്ണു പറഞ്ഞു - എന്നാൽ ശംഭോ, ദാരുകവധത്തിന ഒരു മാർഗ്ഗം ഞാൻ കാണുന്നു. ഏതാനും സ്ത്രീകളെ നാം ഉടൻ തന്നെ സൃഷ്ടിക്കേതാണ്. ഞാൻ, ഭവാൻ, വിരിഞ്ചൻ, സ്കന്ദൻ, ഇന്ദ്രൻ, യമൻ എന്നീ ആറുപേർ ഇന്നുതന്നെ ഓരോ കുമാരിമാരെ സൃഷ്ടിക്കണം. നാം അവർക്ക് ആയുധങ്ങളും നാമങ്ങളും ക്രമമായി നൽകേണ്ടതാണ്. അവർ ദാരുക സൈന്യത്തെ നശിപ്പിക്കുമെന്നുള്ളത് ഉറപ്പാണ്.

ശിവൻ പറഞ്ഞു - ഹേ ഹരേ, അങ്ങ് പറഞ്ഞ ഉപായം വളരെ നല്ലതുതന്നെ. ദാരുകവധത്തിനായി നാമുടൻ തന്നെ ആറുമാതാക്കളെ സൃഷ്ടിക്കുക. ആദ്യമായി ബ്രഹ്മദേവൻ ഒരു ദിവ്യാംഗനയെ സൃഷ്ടിച്ചു. ബ്രാഹ്മിയെന്ന നാമവും മാതൃസംജ്ഞയും ബ്രഹ്മദേവൻ ആ ശക്തിയ്ക്കു നൽകി. മാഹേശ്വരിയെന്നു വിഖ്യാതയായ ശക്തിയെ മഹേശ്വരനും കുമാരിയെ സുബ്രഹ്മണ്യനും സൃഷ്ടിച്ചു. വൈഷ്ണവിയെ വിഷ്ണുവും

വാരാഹിയെ യമനും ഇന്ദ്രാണിയെ ഇന്ദ്രനും ഇപ്രകാരം സൃഷ്ടിച്ചു. ഇപ്രകാരം ഉഗ്രതേജസ്സോടുകൂടിയവരും, സർവാവയവസൗന്ദര്യശാലിനികളും, പോരിനുത്സുകരായവരും ആയ ആറു മാതാക്കൾ ഉണ്ടായിവന്നു. മഹേശ്വരനും മഹാവിഷ്ണുവും മഹാനായ ബ്രഹ്മദേവനും താന്താങ്ങളുടെ ആയുധങ്ങളും വാഹനങ്ങളും യഥാക്രമം മാഹേശ്വരി, വൈഷ്ണവി, ബ്രഹ്മാണിമാർക്കു നൽകി. അതേപ്രകാരം സ്കന്ദനും കാലനും ഇന്ദ്രനും യഥാക്രമം കൗമാരി, വാരാഹി, ഇന്ദ്രാണിമാർക്കും വാഹനായുധാദികൾനൽകി. മാതാക്കളെ ആശീർവദിച്ചു വൻ സൈന്യസമേതം അവരെ ദാരുകപുരത്തിലേക്ക് യാത്രയാക്കി.

ആ മാതാക്കൾ ശൂലം, ഖഡ്ഗം, ശക്തി (വേൽ), വജ്രം തുടങ്ങിയ നാനായുധങ്ങളോടെ തങ്ങളുടെ വാഹനങ്ങളിൽ കയറി വളരെയധികം സൈന്യത്തോടൊപ്പം കൈലാസപർവ്വതത്തിൽ നിന്നും പുറപ്പെട്ടു. വൻപടയുടെ പാദപതനം മൂലം പൊങ്ങിയുയർന്ന പൊടിപടലത്താൽ സൂര്യൻ മറയ്ക്കപ്പെട്ടു. പെരുമ്പടയോടൊപ്പം മാതാക്കൾ ദാരുകനാൽ പാലിക്കപ്പെടുന്ന പുരത്തിനടുക്കൽ വളരെ വേഗം ചെന്നെത്തി ആ പുരത്തെ വളഞ്ഞു. കൈത്തുമ്പുകൊണ്ട പടഹ(പെരുമ്പറ) ഘോഷമുയർത്തി ദിക്കുകളെല്ലാം നിറച്ച് അലറിയോടിയെത്തിയ മാതൃസൈന്യം ശങ്കകളേതും കൂടാതെ ലോകകണ്ടകനായ ദാരുകനുനേർക്ക് രോഷത്തോടും ആവേശത്തോടും കൂടി പോർ വിളി മുഴക്കി.

തന്റെ കൊട്ടാരമാളികയിൽ പ്രിയതമയുടെ കുചകുംഭങ്ങൾ പുണർന്നു ശയിക്കുകയായിരുന്ന ദൈത്യരാജാവ്. പോർവിളി കേട്ട് ആ ശബ്ദഘോഷമെന്താണ് എന്നറിയുവാനായി ഒരു ദൂതനെ പറഞ്ഞുവിട്ടു. ദൈത്യേന്ദ്രകല്പനയനുസരിച്ച് വടക്കേ വാതിൽക്കൽ ചെന്നുനോക്കിയ ദൂതൻ എല്ലാദിക്കിൽ നിന്നും പാഞ്ഞടുക്കുന്ന അതിഘോരമായ മാതൃസൈന്യത്തെ

കണ്ടു. ഭയഭീതനായ ദൂതൻ പേടിച്ചു വിറച്ചു ദാരുകനു സമീപത്തേയ്ക്ക് ഓടി. തൊണ്ടയിടറിക്കൊണ്ട ഇപ്രകാരം അറിയിച്ചു. ഹേ മഹാരാജൻ നമുക്ക് ഒരത്യാഹിതം വന്നു ചേർന്നിരിക്കുന്നു. മുൻപു കണ്ടിട്ടില്ലാത്ത ആറു സ്ത്രീകൾ യുദ്ധത്തിനായി എത്തിച്ചേർന്നിരിക്കുന്നു. അസംഖ്യം സൈന്യത്തോടു കൂടി ആയുധപാണികളായി ഉയർന്ന വാഹനങ്ങളിലേറി അവർ ഈ പുരം വളഞ്ഞിരിക്കുന്നു.

ദാരുകൻ പറഞ്ഞു - എന്ത്? എന്താണ് നീ പറഞ്ഞത്? യുദ്ധത്തിനായി സ്ത്രീകൾ എന്റെ പുരം വളഞ്ഞുവെന്നോ? അവരുടെ അറിവില്ലായ്മ ഓർത്താൽ അത്ഭുതം അത്ഭുതം തന്നെ. സർവ്വതും അപഹരിച്ച് ഞാൻ യാചകരാക്കി മാറ്റിയ ഇന്ദ്രാദി ദേവന്മാർ യുദ്ധത്തിനായി പറഞ്ഞുവിട്ടവരാണിവർ എന്നു ഞാൻ കരുതുന്നു. ഹേ ദൂതാ, മഹാകപാലനെന്ന സേനാനിയോടു നീ പോയി പറയുക. ഈ ആറു സ്ത്രീകളേയും കയറുകൊണ്ട കെട്ടി ദാസീവേലയ്ക്കായി പെട്ടെന്നു കൊണ്ടുവരാനും ഞാണൊലി ശബ്ദത്താൽ ശത്രുസൈന്യത്തെ ഓടിയ്ക്കുവാനും ഞാൻ കല്പിച്ചിരിക്കുന്നുവെന്ന് അറിയിക്കുക.

ദാരുകന്റെ ഈ ആജ്ഞയെ ദൂതൻ സേനാനിയെ ധരിപ്പിച്ചു. കല്പനയറിഞ്ഞ മഹാവീരനും മഹാബലവാനുമായ മഹാകപാലൻ വൻദൈത്യസൈന്യത്തോടൊപ്പം വില്ലുമേന്തി യുദ്ധഭൂമിയിലെത്തി ആറുമാതാക്കളോടും ഇപ്രകാരം പറഞ്ഞു - ഹേ, പെണ്ണുങ്ങളേ, പോരിനെന്നു ഭാവിച്ചു വന്നവരേ, നിങ്ങൾ ദാരുകമഹാപ്രഭുവിന്റെ ദാസ്യവേലയ്ക്കായി വരിക. ഇന്ദ്രന്റെ നിർദ്ദേശമനുസരിച്ചെത്തിയ നിങ്ങളുടെ മുടിക്കെട്ടിൽ ചുറ്റിപ്പിടിച്ചു വലിച്ചിഴച്ച് ആ പശുക്കളെയെന്നതുപോലെ ഞാൻ കാരാഗൃഹത്തിലടയ്ക്കുന്നുണ്ട. ഇങ്ങനെ പറഞ്ഞ് ഉഗ്രരോഷത്തോടെ മഹാകപാലൻ വില്ല് കുലച്ച് അസ്ത്രം തൊടുത്ത് ആറു മാതാക്കളുടെ നേർക്ക് പോരിനണഞ്ഞു.

അസ്ത്രവർഷത്താൽ മാതൃസംഘത്തെ മഹാകപാലൻ മൂടി. ആയുധങ്ങളാൽ മാതാക്കൾ അവനെ പ്രഹരിച്ചു. ഖഡ്ഗവു മേന്തി വൈഷ്ണവി ശത്രുസൈന്യത്തിനിടയിലേക്ക് ആക്രമി ച്ചുകയറി ശത്രുക്കളുടെ ശിരസ്സുകൾ തുണ്ടംതുണ്ടമായി മുറി ച്ചു തള്ളി. ഗദകൊണ്ട് കുതിരകളേയും, കൊടിമരത്തേയും തേരാളിയേയും ചക്രമുൾപ്പെടെ രഥത്തേയും വൈഷ്ണവി ഛിന്നഭിന്നമാക്കി. ഒടുവിൽ ഗദകൊണ്ടുതന്നെ മഹാകപാല നേയും വൈഷ്ണവി നിഗ്രഹിച്ചു. സേനാനായകൻ കൊല്ല പ്പെട്ടതോടെ അവശേഷിച്ച ദൈത്യന്മാർ പോർക്കളം വിട്ട് പ ത്തുദിക്കിലേക്കും പേടിച്ചോടിത്തുടങ്ങി. ജയഗർവ്വുകൊണ്ട് മാതൃസൈന്യം സിംഹധ്വനി മുഴക്കുന്നതു കേട്ടപ്പോൾ തന്റെ സേനാനി കൊല്ലപ്പെട്ടിരിക്കുന്നുവെന്നു ദാരുകൻ മനസ്സിലാ ക്കി.

പോരിന്റെ ഫലമറിഞ്ഞു കോപിച്ച് തന്റെ ജ്യേഷ്ഠൻ ദാനവാ സുരനെ വൻസൈന്യത്തോടൊപ്പം ദാരുകൻ യുദ്ധത്തിനു നി യോഗിച്ചു. കൈകളിൽ ഘോരമായ ഇരുമ്പുലക്കയും ചുഴറ്റി യമകിങ്കരനേപ്പോലെ ഭയാനകനായ ദാനവാസുരന്റെ വരവു കണ്ട സമസ്തമാതൃഗണങ്ങളും വിറച്ചു തുടങ്ങി. തീപാറുന്ന മുദ്ഗരവുമായി പോരാടിയ വീരനായ ദാനവന്റെ ശരീരത്തെ തന്റെ ത്രിശൂലത്താൽ മാഹേശ്വരീ ദേവി ഭേദിച്ചു. ത്രിശൂലമു നകളേറ്റുണ്ടായ മൂന്നു മുറിവുകളിൽ നിന്ന് ചോര വാർന്നൊ ഴുകിയ ആ ദാനവശരീരം കാവി നിറം കലർന്നു മൂന്ന് നദിക ളൊഴുകിവരുന്ന അഞ്ജനശൈലമെന്നതുപോലെ കാണപ്പെ ട്ടു. ഇപ്രകാരം ദിതിസുതസൈന്യത്തേയും, സേനാനായകനേ യും, വിവിധ തന്ത്രങ്ങളോടെ പോരാടിയ ദാനവാസുരനേയും യുദ്ധത്തിൽ സംഹരിച്ച് ദേവാദികളാൽ സ്തുതിക്കപ്പെട്ട് മാ തൃക്കൾ പടനടുവിൽ പ്രശോഭിച്ചു.

തന്റെ ജ്യേഷ്ഠനായ ദാനവാസുരനും യുദ്ധത്തിൽ കൊല്ലപ്പെ ട്ടുവെന്നറിഞ്ഞ ദാരുകാസുരൻ 'ഇനി ഞാൻ തന്നെ യുദ്ധത്തി

നിറങ്ങുന്നു.' എന്നു പ്രഖ്യാപിച്ചു. മുപ്പത്തിരണ്ട അശ്വങ്ങളെ കെട്ടിയ കാഞ്ചന നിർമ്മിത രഥത്തിൽ നാനാവിധ ആയുധങ്ങ ളേയും നിറച്ചുകൊണ്ട വന്നെത്തിയ തേരാളിയാൽ സ്വീകരി ക്കപ്പെട്ട് രഥത്തിലേറിയ ദാരുകാസുരൻ വെൺകൊറ്റക്കുട നിവർത്തി, ചാമരംവീശി ദൈത്യരാജാവിന്റെ പരാക്രമം ഉദ് ഘോഷിച്ച്, എട്ടുദിക്കുകളേയും പെരുമ്പറനാദത്താൽ മുഖരി തമാക്കി വന്നെത്തിയ മഹാസേനയോടൊത്ത് യുദ്ധത്തിനിറ ങ്ങി. ലക്ഷക്കണക്കിന ആനകൾ, അതിലധികം കുതിരകൾ ആയിരം കോടി കാലാളുകൾ തുടങ്ങിയ സേനയോടുകൂടി മാതൃക്കൾ നിലകൊള്ളുന്നിടത്തെത്തി.

സൂചീവ്യൂഹം തീർത്ത് തീപാറുന്ന കണ്ണുകളോടെ ഞാണൊ ലി മുഴക്കി ദാരുകാസുരൻ ഇങ്ങനെ ഗർജിച്ചു. ഹേ സ്ത്രീക ളേ, നാണമില്ലാതെ ഇവിടെ വന്നു യുദ്ധം ചെയ്യുന്നതെന്തിനാ ണ്? നാരികൾക്ക് അസ്ത്രശസ്ത്രസ്പർശനം(ആയോധനം) യുക്തമാണോ? ദേവന്മാരെ ഞാൻ സ്ഥാനഭ്രഷ്ടരാക്കി ആട്ടി യോടിച്ചു. അവരിപ്പോൾ(ഇന്ദ്രൻ മുതലായ ദേവകൾ) ഭൂമി യിൽ ഭിക്ഷാടനം ചെയ്തു കഷ്ടപ്പെടുന്നു. ദേവകൾക്കു സാ ധിക്കാത്തതിനുവേണ്ടി(എന്നെ തോൽപിക്കുന്നതിനുവേണ്ടി) അബലകളായ നിങ്ങൾ വെറുതേ പ്രയത്നിക്കുകയാണ്. ശിര സ്സറ്റ് കാലപുരി പൂകാൻ ശ്രമിക്കാതിരിക്കുക. ഇപ്രകാരം ഗർ ജിച്ച് ആയിരക്കണക്കിന അസ്ത്രങ്ങൾ ദാരുകൻ മാതൃക്കളെ ലക്ഷ്യമാക്കി തൊടുത്തുവിട്ടു. കല്ലിൽ തറച്ചാലെന്നപോലെ ബാണങ്ങൾ മാതാക്കളുടെ ദേഹത്തിൽ തട്ടി നിഷ്ഫലമായി വീണടിഞ്ഞു. ഇതുകണ്ട ദാരുകൻ അത്യുഗ്രമായ ബ്രഹ്മദ ണ്ഡം പ്രയോഗിച്ചു. ആ ബ്രഹ്മദണ്ഡവും മാതൃദേഹങ്ങളെ സ്പർശിക്കുവാൻ പോലുമാകാതെ മടങ്ങിയെത്തി. സ്ത്രീ യിൽ ഈ ആയുധം ഫലിക്കുകയില്ല എന്ന് വരപ്രദാന സമ യത്ത് ബ്രഹ്മദേവൻ കോപാകുലനായി അരുളിച്ചെയ്തിരുന്ന താണ്. അതുപോലെ തന്നെ ബ്രഹ്മദേവനാൽ ദത്തമായ രണ്ട മന്ത്രങ്ങളും പ്രയോജനപ്പെട്ടില്ല.

ഇതുകണ്ട ദാരുകൻ മാതൃക്കളോട് അവരുടെ ജന്മകാരണ വും നാമങ്ങളും ചോദിച്ചു. മാതൃക്കൾ പറഞ്ഞു - ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ, സ്കന്ദൻ, യമൻ, ഇന്ദ്രൻ ഇവർ സൃ ഷ്ടിച്ച ശക്തിസ്വരൂപിണികളായ പുത്രിമാരാണു ഞങ്ങൾ. സ്ത്രീകളാണെങ്കിലും, ഘോരശക്തിസ്വരൂപിണികളായ ഞ ങ്ങളെ കൊല്ലാൻ നിനക്കാവുകയില്ല. മറിച്ച് മഹാപാപിയായ ഹേ അസുരാ, നിന്നെ യുദ്ധത്തിൽ നഷ്പ്രയാസം വധിക്കു വാൻ ഞങ്ങൾക്കു കഴിയുന്നതാണ്.

മാതാക്കളുടെ വാക്കുകേട്ട് ക്രോധംകൊണ്ട ജ്വലിച്ച ദാരുണ നായ ദാരുകാസുരൻ 'മായകൊണ്ട ഇവരെ നിഗ്രഹിക്കുന്ന താണ്.' എന്ന് വിചാരിച്ച് അത്യുഗ്രമായ യുദ്ധമാരംഭിച്ചു. ജ്വ ലിക്കുന്ന ശക്തി(വേൽ) കൊണ്ട കൗമാരീ ദേവിയെ പ്രഹരി ക്കുവാൻ ദാരുകൻ ഒരുങ്ങവേ മാഹേശ്വരീ ദേവി തന്റെ ത്രി ശൂലത്താൽ ആ വേലിനെ മുറിച്ചു താഴെയിട്ടു. വാരാഹീദേവി യെ വാളുകൊണ്ടു വെട്ടാൻ ദാരുകൻ ഒരുങ്ങിയപ്പോൾ ഇന്ദ്രാ ണീ ദേവി വജ്രായുധത്താൽ നിഷ്പ്രയാസം ആ വാൾ രണ്ടു തുണ്ടമാക്കി. മായാബലത്താൽ നിരവധി യക്ഷന്മാർ, പിശാ ചുക്കൾ, രാക്ഷസർ, പക്ഷികൾ, പാമ്പുകൾ, പുലികൾ തുട ങ്ങിയവയെ സൃഷ്ടിച്ച ദാരുകാസുരൻ അട്ടഹാസത്തോടെ അതിഘോരരൂപികളായ ഈ സൈന്യത്തോടൊത്തു വീണ്ടും ദേവിമാരോടേറ്റുമുട്ടി.

മായയിൽ നിന്നുണ്ടായ സമസ്തസൈന്യങ്ങളേയും മാഹേ ശ്വരീ ദേവി തന്റെ തിരുനെറ്റിക്കണ്ണിലെ അഗ്നിയിൽ ചുട്ടെരി ച്ചു. ത്രിശൂലമുയർത്തി ദേവി ദാരുകാസുരന്റെ കഴുത്തിൽ ആ ഞ്ഞു കുത്തി. ശൂലമുനയേറ്റു മുറിഞ്ഞ ദാരുകന്റെ കഴുത്തിൽ നിന്നും നിലത്തു പതിച്ച രക്തത്തുള്ളിയിൽ നിന്നും പർവ്വ തതുല്യശരീരികളായ ആയിരം അസുര രാജാക്കന്മാർ ഉത്ഭവി ച്ചു. നിലത്തു വീണ രണ്ടാമത്തെ രക്തത്തുള്ളിയിൽ നിന്നും ഇതേപ്രകാരം ആയിരം അസുരന്മാർ ഉത്ഭവിച്ചു. മൂന്നാമത്തേ

യും, നാലാമത്തേയും, അഞ്ചാമത്തെയും ചോരതുള്ളികളിൽ നിന്നും തുടർന്ന് മൂവായിരം ദൈത്യ വീരന്മാർ ഉത്ഭവിച്ചു. ആറും, ഏഴും, എട്ടും, ഒൻപതും, പത്തും ചോരത്തുള്ളികളിൽ നിന്നും ഉത്ഭവിച്ച അസുരമാർകൂടിച്ചേർന്നപ്പോൾ പതിനായിരം ദൈത്യവീരന്മാരായി.

ഇങ്ങനെ നൂറു ചോരത്തുള്ളികളിൽ നിന്നും ലക്ഷം ദൈത്യന്മാർ യുദ്ധസന്നദ്ധരായി ജനിച്ചതു കണ്ട ബ്രാഹ്മീ ദേവി പറഞ്ഞു. അല്ലയോ, വൈഷ്ണവീ, കൗമാരീ, വാരാഹീ, ഇന്ദ്രാണീ, മാഹേശ്വരീ, കേട്ടാലും, എന്റെ പിതാവിന്റെ വരഫലത്താൽ ഉത്പാദിക്കപ്പെട്ടവരാണിവർ. ഭീഷണരും കാലനുതുല്യരായവരും, അസ്ത്രശസ്ത്രനിപുണന്മാരുമായ ഈ ദൈത്യരോട് യുദ്ധം ചെയ്തു ജയിക്കുവാൻ നാം ശക്തരല്ല. അതിനാൽ നാമെല്ലാവരും ഇപ്പോൾ എവിടെയെങ്കിലും പോയി ഒളിക്കുന്നതാണു നല്ലത്. അല്ലെങ്കിൽ വരശക്തിയാൽ ഈ അസുരൻ നമ്മെ നിഗ്രഹിക്കുന്നതാണ്. മായാബലത്തിൽ നിന്നും മുൻപ് ഉണ്ടായ രാക്ഷസ, വ്യാഘ്ര, സിംഹ, പക്ഷി, ഭുജംഗ, യക്ഷ, പിശാചവർഗ്ഗങ്ങൾ അല്ലയോ മാഹേശ്വരി, ഭവതിയുടെ നേത്രാഗ്നിയിൽ മുമ്പ് ദഹിച്ചുപോയി, എന്നാൽ ഈ അസുരവീരന്മാരെ അതുപോലെ നിഗ്രഹിക്കുവാൻ സാധിക്കുകയില്ല. അത് അസാദ്ധ്യമാണ്. ബ്രാഹ്മിയുടെ വചനങ്ങൾ കേട്ട് ചിന്തിച്ച് ആ മാതാക്കളാറുപേരും യുദ്ധഭൂമിയിൽ നിന്നും കൈലാസപർവ്വതം നോക്കി പലായനം ചെയ്തു. കൈലാസത്തിന്റെ ഈശാനകോണിൽ ഒരു വള്ളിക്കുടിലിൽ ഭയഭീതരായി അവർ ഒളിച്ചിരുന്നു.

ഇതുകണ്ട പൊട്ടിച്ചിരിച്ചു ദാരുകാസുരൻ മന്ത്രിമാരോട് പറഞ്ഞു, എന്റെ രക്തത്തിൽ നിന്നും പിറന്ന ഈ വീരന്മാരെ കണ്ട മാതാക്കൾ ഭയന്നോടിയിരിക്കുന്നു. ഈ മഹാസുര ന്മാരെ എവിടേയ്ക്കാണ് അയയ്ക്കേത്? മന്ത്രിമാരുടെ വാക്കുകേട്ട ദാരുകൻ പറഞ്ഞു - രാജ്യാതിർത്തികാക്കുവാൻ നാം നിർ

ത്തിയിരിക്കുന്ന പത്തുകോടി അസുരന്മാർ തന്നെ ധാരാളം. രക്തബിന്ദുജാതരായ ഇവർ മൂന്നുലോകങ്ങളിലും കറങ്ങി സമസ്തപ്രാണിവർഗ്ഗങ്ങളേയും പീഡിപ്പിക്കട്ടെ. അതല്ലെങ്കിൽ എന്റെ ശത്രുക്കളായ മാതാക്കളുടെ പിതാക്കന്മാരായ ബ്രഹ്മ, ശങ്കര, വിഷ്ണു, സുബ്രഹ്മണ്യ, കാല, ദേവേന്ദ്രന്മാർ വസിക്കുന്ന സ്ഥലം തേടിപ്പിടിച്ച് രക്തബിന്ദുജരായ ഇവർ നിഗ്രഹിക്കട്ടെ.അല്ലെങ്കിൽ അവരെ കെട്ടിവലിച്ച് കാരാഗൃഹത്തിലടയ്ക്കട്ടെ. മന്ത്രിമാർ പറഞ്ഞു - അല്ലയോ മഹാരാജാവേ മഹാമതിയായ അവിടുന്ന് സാഹസം പ്രവർത്തിക്കരുത്. ചിന്തിക്കാതെ എടുത്തുചാടി പ്രവർത്തിക്കുന്നത് ആപത്തായിത്തീരും. ചിന്തിക്കാതെ പെട്ടെന്നു പോയി സീതയെ അപഹരിച്ചതിനാൽ, രാവണൻ പുത്രമിത്രാദികളോടൊത്തു രാമാസ്ത്രാഗ്നിയിൽ ചാമ്പലായിത്തീർന്നില്ലേ?

ഇപ്രകാരം ദാനവന്മാർ പരസ്പരം വാദിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ താപസശ്രേഷ്ഠനായ നാരദമഹർഷിയെ കാണുമാറായി. ലോകത്തിലെ വാർത്തകളെന്തൊക്കെയാണ്? ബ്രഹ്മർഷേ അങ്ങ് പറഞ്ഞാലും. ദാരുകന്റെ ചോദ്യം കേട്ട് മഹാമുനി ഇപ്രകാരം പറഞ്ഞു. സത്യലോകത്തിൽ ബ്രഹ്മദേവനും, വൈകുണ്ഠത്തിൽ മഹാവിഷ്ണുവും കൈലാസത്തിൽ പരമേശ്വരനും തങ്ങളുടെ ഭാര്യമാരോടൊപ്പം വാഴുന്നു. സൃഷ്ടി, സ്ഥിതി, പ്രളയം ഇവയ്ക്ക് കാരണമായവർ എന്നു വിശ്വമാകെ കീർത്തിപ്പെട്ടിരിക്കുന്ന ബ്രഹ്മാവിഷ്ണു മഹേശ്വരന്മാർ വരദാനമരുളുന്നവരായി സമസ്ത ജഗത്തിനാലും സ്തുതിക്കപ്പെട്ടവരായി ജയിച്ചുവാണരുളുന്നു. ആരുടെ പദാംബുജരേണുക്കളാണോ ദേവാസുരന്മാരും നാഗന്മാരും നരന്മാരും ശിരസ്സിൽ വഹിക്കുന്നത്, ആരുടെ കഥാനുകഥനമാണോ മനുഷ്യർക്കും എന്നേപ്പോലുള്ള മുനിമാർക്കും മോദമരുളുന്നത് ആ മൂന്നു ദേവന്മാരിൽ ഒരാളുടെ കമണ്ഡലുവിൽ ജനിച്ച് അന്യന്റെ പാദരേണുക്കളാൽ പരിശുദ്ധയായി മൂന്നാമന്റെ ജടയിൽ വിശ്രമിച്ചു വാഴുന്ന ആ ഗംഗാദേവിയും

ലോകമംഗളം(ശുദ്ധി) വരുത്താൻ കഴിവുള്ളവളത്രേ. ഒരു ദേവനു പത്നി മുഖത്തിൽ(നാവിൽ) സ്ഥിതിചെയ്യുന്നു. മറ്റൊരു ദേവനു പത്നി മാറിടത്തിൽ നിലകൊള്ളുന്നു. മൂന്നാമതു ദേവനാകട്ടെ ശരീരാർദ്ധം തന്നെ പത്നിയാണ് എന്നുപ്രഖ്യാതമാണ്.(സരസ്വതി ബ്രഹ്മദേവന്റെ മുഖത്തിലും ലക്ഷ്മി വിഷ്ണുവിന്റെ ഹൃദയസ്ഥാനത്തും ശ്രീപാർവ്വതി പരമേശ്വരന്റെ അർദ്ധശരീരമായും വിലസുന്നു.).

നാരദമഹർഷിയുടെ വാക്കുകൾ കേട്ട ദാരുകൻ പറഞ്ഞു - ഹേ മൂഢതാപസാ, പെരുംനുണകൾ കലർന്ന നിന്റെ ഗുണപ്രശംസ മതി. പുത്രിയെത്തന്നെ പത്നിയാക്കി വെച്ചു രമിക്കുകയാണ് ഈ മൂവരിൽ ഒരുവൻ. മദ്ധ്യമനാകട്ടെ, മഹാനായ ബലിയോട് ദാനോദകം(ദാനജലം വീഴ്ത്തൽ) സ്വീകരിച്ച് സമസ്ത ഭൂമിയും കൈയടക്കി ദാതാവിനെ തന്നെ ബന്ധനസ്ഥനാക്കുക എന്ന കൃതഘ്നത കാണിച്ചുവെന്ന് അങ്ങേയ്ക്ക് അറിഞ്ഞുകൂടേ? മൂന്നാമനോ പിശാചുക്കളോടൊപ്പം ശ്മശാനങ്ങളിൽ സന്ധ്യതോറും നൃത്തമാടുന്നു. ദിഗംബരനായി ഭിക്ഷാടനം ചെയ്തു നടക്കുന്നു. ഇതൊക്കെ കാണുമ്പോൾ ചിരിക്കാത്തവരാരുണ്ട്? ഇത്രയും പറഞ്ഞ് കോപം കൊണ്ടു കലങ്ങിയ കണ്ണുകളുമായി പരാക്രമം തന്നിൽ പ്രകടിപ്പിക്കുവാൻ ദാരുകാസുരൻ ഒരുങ്ങിയതുകണ്ട ബ്രഹ്മർഷി അന്തർദ്ധാനം ചെയ്തു.

ഭീതനായ നാരദമുനി കൈലാസത്തിലെത്തി സർവ്വജ്ഞനായ ഭഗവാൻ പരമേശ്വരനെ വന്ദിച്ച് സകലവാർത്തകളും അറിയിച്ചു. സർവ്വഭൂതേശ്വരനായ ഭഗവാനേ ശ്രീപരമേശ്വരാ പ്രസാദിച്ചാലും, കാലാന്തകനും പുരവൈരിയും കാമനാശകനുമായ അങ്ങേയ്ക്ക് എന്റെ നമസ്കാരം. അദ്ധ്യാത്മ വിദ്വാന്മാരും ഏതിനുവേണ്ടിയാണോ സദാ വേദാന്തസാഗരം തിരഞ്ഞു നോക്കുന്നത് അവർക്കുപോലും കണ്ടെത്താനാവാത്ത പരമസത്യം അവിടുന്നു തന്നെയാണ് എന്ന തത്ത്വം ഞാൻ നന്നായ

റിയുന്നു. ഇതാണു ഭാഗ്യം, ഇതാണു ഭാഗ്യം, പരമമായ ആ സത്യത്തെ അല്ലയോ അഖിലേശ്വരാ ഞാനിന്നു നേരിട്ട് ഇരുകണ്ണുകളാലും കാണുന്നു. ഇപ്രകാരം ത്രിലോകങ്ങളിലുള്ളവരാലും വന്ദിക്കപ്പെടുന്നവനും, വിശ്വത്തിനകത്തും പുറത്തും നിറഞ്ഞവനും അനന്തനുമായി സ്ഥിതിചെയ്യുന്ന അങ്ങയെ ആ ദുഷ്ടനായ ദാരുകാസുരൻ പരിഹസിച്ചു ചിരിക്കുകയാണ്. ബ്രഹ്മദേവന്റെ വരത്താൽ, ബ്രഹ്മദണ്ഡും, രണ്ടു മന്ത്രവും ലഭിച്ച അഹങ്കാരത്താൽ വിശ്വദ്രോഹിയായ അവൻ വല്ലാതെ അഹങ്കരിക്കുന്നു. ആ ദുഷ്ടൻ ആറു മാതാക്കളേയും സൈന്യത്തേയും തോൽപിച്ചോടിച്ചു. അവർ ദാരുകനെ ഭയന്ന് എവിടെയോ ഒളിച്ചിരിക്കുന്നു. അവന്റെ രക്തത്തിൽ നിന്നും ഉത്ഭവിച്ച ഒരു ലക്ഷം കിങ്കരന്മാർ ക്രോധപൂർവ്വം അങ്ങയെ ആക്രമിക്കുവാനായി വരുന്നുവെന്ന് ഞാൻ കേട്ടു. യാദൃശ്ചികമായി ഞാൻ ദാരുകന്റെ രാജധാനിയിൽ ചെന്നിരുന്നു. അവിടെ വെച്ച് ഞാൻ അങ്ങയെ സ്തുതിച്ചു പറയുകയുണ്ടായി. അതുകേട്ട് അവൻ എന്നെ ബന്ധിക്കുവാനായി കയറെടുത്തു. ഉടൻതന്നെ അവിടെനിന്നും പലായനം ചെയ്തു ഞാൻ ഇവിടെയെത്തുകയായിരുന്നു. വൻമരത്തടിപോലെ ദാരുണനാണ് ആ ദാരുകാസുരൻ. പണ്ട് അവിടുന്ന് ത്രിപുരന്മാരെ ഭസ്മീകരിച്ചപോലെ ഈ ദുഷ്ടനേയും ഭസ്മമാക്കിയാലും. അങ്ങയുടെ തിരുനെറ്റിക്കനൽ മിഴിയിലെ അഗ്നിയിൽ പാപിയായ ആ അധമ ദാനവനെ ചുട്ടെരിച്ചാലും.

മഹർഷിയുടെ ഈ വാക്കുകൾ കേട്ട് ഉഗ്രകോപത്തോടെ മഴു, മാൻ, ത്രിശൂലാദികൾ ധരിച്ച ത്രിനേത്രനായ ഭഗവാൻ പരമശിവൻ ചാടിയെഴുന്നേറ്റു. സംഹാരരുദ്രനായി അട്ടഹസിച്ച് മഹേശ്വരൻ ഭീഷണാകാരംപൂണ്ടു വളർന്നു നിറഞ്ഞു. കാമദേവനേയും ത്രിപുരന്മാരേയും ചുട്ടെരിച്ച ഭഗവാന്റെ തിരുനെറ്റിക്കനൽമിഴിയിൽ നിന്നും പുകച്ചുരുകൾ ഉയർന്നുയർന്നു. അഗ്നിജ്വാലകൾ സർവ്വദിക്കുകളിലേക്കും പടർന്നു. ആ അഗ്നിജ്വാലകൾ മറ്റുള്ളവർക്ക് ദുർനിരീക്ഷ്യമായിരുന്നു(അഗ്നിജ്വാല

കളുടെ കരാള രൂപം നോക്കുവാൻ ആർക്കും ശക്തിയുണ്ടാ യിരുന്നില്ല)

കാലാന്തകനായ ഭഗവാന്റെ നിടില നേത്രാഗ്നി ജ്വാലകളുടെ യിടയിൽ കാർമേഘസമാനദേഹകാന്തിയോടു കൂടിയവളും സമസ്ത ലോകങ്ങളുടേയും കാതടപ്പിച്ചു ബധിരയാക്കി തീർ ക്കുന്ന ഉഗ്രഗർജ്ജനത്തോടുകൂടിയവളുമായ ഭദ്രകാളിയെ കാ ണുമാറായി. ദേവിയുടെ ശരീരം അഞ്ജനമഹാശൈലമെന്ന തുപോലെ ശോഭിക്കുന്നു. അനേകസഹസ്രം മുഖങ്ങളും, കര ങ്ങളുമുള്ള ആ ചണ്ഡികാ ദേവിയുടെ ചെന്തീപ്പൊരിചിതറു ന്ന ദുർന്നിരീക്ഷ്യങ്ങളായ നേത്രങ്ങൾ പതിനായിരമല്ല. ലക്ഷ ക്കണക്കാണ്. ശംഭു ഭഗവാന്റെ നിടിലനേത്രാഗ്നിയിൽ നിന്നും ജനിച്ച ദേവി ഭൂമിയിലേക്ക് ചാടിയപ്പോൾ കൈലാസപർവ്വ തം വിറകൊണ്ടു. പർവ്വതത്തിലെ ഗുഹകളിൽ വിശ്രമിച്ചിരുന്ന സിംഹങ്ങൾ നടുങ്ങി. സംഭ്രമിച്ച മുതലകളോടും മകരമത്സ്യ ങ്ങളോടും കൂടിയ സപ്തസമുദ്രങ്ങളും (ലവണ, ഇക്ഷു, സു രാ, സർപ്പിസ്, ദധി, ക്ഷീരം, ശുദ്ധോദകം) ക്ഷോഭിച്ചു. കുല പർവ്വതങ്ങൾ ഏഴും(ഹിമവാൻ, നിഷധം, വിന്ധ്യൻ, മാല്യ വാൻ, പാരിയാത്രം, ഗന്ധമാദനം, ഹേമകൂടം) വിറച്ചു. അഷ്ട ദിഗ്ഗജങ്ങൾ(കിഴക്ക് ഐരാവതം, തെക്കുകിഴക്ക് പുണ്ഡരീ കൻ, തെക്ക് വാമനൻ, തെക്ക് പടിഞ്ഞാറ് കുമുദൻ, പടി ഞ്ഞാറ് അഞ്ജനൻ, വടക്കുപടിഞ്ഞാറ് പുഷ്പദന്തൻ, വടക്ക് സാർവ്വഭൗമൻ, വടക്ക്കിഴക്ക് സുപ്രതീകൻ) ഈ വികടധ്വനി കേട്ട് ചിന്നം വിളിച്ചു തലകുലുക്കി നിന്നു. വിശ്വം മുഴുവൻ വ്യാപിച്ചു നിൽക്കുന്ന ഭദ്രകാളിയുടെ രൂപം കണ്ട ശ്രീപാർ വ്വതീ ദേവി ഒരല്പം ഭീതിയോടുകൂടി സാന്ത്വനവാക്കുകളാൽ കാളിയുടെ കോപമടക്കുവാൻ ശ്രമിച്ചു. ശ്രീ പാർവ്വതി പറ ഞ്ഞു

ചണ്ഡികേ പുത്രി ചാമുണ്ഡേ ഭദ്രകാളി ഭവാത്മജേ
ഉപസംഹര രൂപം തദേതത്തേ വിശ്വഭീഷണം

ബ്രാഹ്മ്യാദീനാം തു നാരീണാം പ്രഥമാ ത്വം ഭവിഷ്യസി
ചാമുണ്ഡാഖ്യാ മഹാകാളീ തേന സ്യുഃ സപ്തമാതരഃ

''അല്ലയോ പുത്രീ, ചണ്ഡികേ, ചാമുണ്ഡീ, ഭദ്രകാളീ, ഭവാത്മജേ, വിശ്വത്തെ ഭീഷണിപ്പെടുത്തുന്ന നിന്റെ ഈ ഉഗ്രരൂപം മാറ്റിയാലും. ബ്രാഹ്മി മുതലായ മാതാക്കന്മാരിലും നാരിമാരിലും(സ്ത്രീകളിലും) നീ പ്രഥമ സ്ഥാനത്തിനർഹയാകും. ചാമുണ്ഡയെന്നുപേരുള്ള മഹാകാളിയായ നീ കൂടിച്ചേരുമ്പോൾ മാതാക്കളുടെ എണ്ണം ഏഴാകും. നിങ്ങൾ സപ്തമാതൃക്കളെന്ന് അറിയപ്പെടും''.

മാതാവായ പാർവ്വതീദേവിയുടെ സ്നേഹപൂർവ്വമുള്ള ഈ വാക്കുകൾ കേട്ട് ചണ്ഡികാദേവി സ്വശരീരം ചെറുതാക്കി അമ്മയെ വന്ദിച്ചു. അനേകായിരം മുഖങ്ങൾ ചുരുങ്ങി ഒരു മുഖമായി ഭവിച്ചു. ലക്ഷക്കണക്കായ നേത്രങ്ങൾ മൂന്നിലേക്കു ലയിച്ചു. ആയുധങ്ങൾ ധരിച്ച കരങ്ങൾ പതിനാറായിത്തീർന്നു. ആനയുടെ മസ്തകത്തിനുള്ളിലെ രത്നം പതിച്ച സ്വർണ്ണകുണ്ഡലവും(ആനയുടെ മസ്തകത്തിനു സമാനമായ രത്നഖചിതസ്വർണ്ണകുണ്ഡലമെന്നും) കിരീടവും, തോൾ വളകളും, വളകളും, മണികാഞ്ചിയും മറ്റ് നാനാവിധ ഭൂഷണങ്ങളും അണിഞ്ഞ സ്വപുത്രിയായ ഭദ്രകാളിയെ പരമേശ്വരൻ തന്റെ അടുക്കലേക്ക് വിളിച്ചു മടിയിലിരുത്തി ഇങ്ങനെ പറഞ്ഞു

കണ്ഠേകാളൻ(കണ്ഠത്തിൽ കാളകൂടം ധരിച്ചവൻ) ആയ എന്റെ പുത്രിയായ നീ കണ്ഠേകാളി എന്നു പ്രശസ്തയാവും. എന്റെ കണ്ഠത്തിൽ സ്ഥിതിചെയ്യുന്ന കാളകൂടമഹാവിഷത്തിന്റെ കാളിമ(കറുപ്പ്)യും കോപരൂപനായ എന്റെ താമസിക തേജസും നിന്റെ ശരീരത്തിൽ സംക്രമിച്ചിരിക്കുന്നതിനാൽ ഹേ ഭൈരവീ നീ കൃഷ്ണവർണ്ണയായി, കാളിയായി ഭവിച്ചിരിക്കുന്നു. മഹേശ്വരൻ തുടർന്ന് അവൾക്ക് ഉടുക്കുവാ

നായി ആനത്തോലും നൽകി.

കണ്ഠേകാളി പറഞ്ഞു: അല്ലയോ ജഗത്തിനു നാഥനായ പിതാവേ, മഹേശ്വരാ, എന്റെ കർത്തവ്യമെന്തെന്നുകല്പിച്ചാലും. ഭഗവാൻ പറഞ്ഞു. ലോകത്രയങ്ങൾക്കും ഭയങ്കരനും പന്തീരായിരം ആനകളുടെ ശക്തിയെഴുന്നവനുമായ ദാരുകനെന്ന മഹാദൈത്യൻ സർവ്വലോകരേയും ശസ്ത്രാസ്ത്രങ്ങളാൽ ദുസ്സഹമായി ദ്രോഹിക്കുന്നു. മായാവിയായ അവനെ നിഗ്രഹിച്ചു വന്ന് എന്റെ വാസസ്ഥാനത്തിന നീ അലങ്കാരമാവുക.

കണ്ഠേകാളി പറഞ്ഞു: അല്ലയോ പിതാവേ, അവിടുത്തെ കക്തി തന്നെയാണ് എന്റെയും ശക്തി അവിടുത്തെ ശരീരം തന്നെയാണ് എന്റേതും. ദേവശത്രുവായ ആ ദൈത്യനെ വധിക്കുവാൻ അവിടുന്ന് കൃപാപൂർവ്വം ദിവ്യാസ്ത്രങ്ങളും, ശസ്ത്രങ്ങളും, വാഹനവും, സൈനിക ബലവും മറ്റു വേണ്ടുന്ന സഹായങ്ങളും നൽകിയാലും.

ശ്രീ പരമേശ്വരൻ പറഞ്ഞു: വജ്രം, ഖഡ്ഗം, ശൂലം, ചക്രം, മുദ്ഗരം, തോമരം, ആദിയായ ആയുധങ്ങൾ അല്ലയോ പുത്രീ സ്വീകരിക്കുക. ദാരുകനെ നിഗ്രഹിക്കുക. മഹത്തായ അറുപത്താറുകോടി ഭൂതഗണങ്ങളേയും കൂളി സമൂഹത്തേയും ഹേ കാളികേ നിനക്ക് ഞാൻ സഹായത്തിനായി നൽകാം. കൈലാസപർവ്വതത്തിന്റെ വടക്കുദിക്കിൽ ഒരിടത്ത് വേതാളി പാർക്കുന്നു. അവളെ നിന്റെ വാഹനമാക്കിക്കൊള്ളുക. എന്റെ ഭൂതഗണങ്ങളിലൊരുവനായ കൗണ്ഡികൻ അവളെ നിനക്ക് കാട്ടിത്തരും. അവളുടെ പുറത്തേറി ദാരുകപുരിയിലേക്ക് പോകുക. നിനക്ക് മംഗളം ഭവിക്കട്ടെ. ഇപ്രകാരം പറഞ്ഞ് കാളിയ്ക്ക് ശങ്കരഭഗവാൻ വാഹനാദികൾ നൽകി. അവയെല്ലാം സന്തോഷപൂർവ്വം സ്വീകരിച്ച് ഭദ്രകാളി കൈലാസത്തിൽ നിന്നും പുറപ്പെട്ടു. കൈലാസത്തിൽ ഇടത്തുവലം വെച്ച് വടക്കേ ദിക്കിലൂടെ മൂന്ന് വനങ്ങളും കടന്നു ദേവി മഹാകാളവ

നത്തിലെത്തിച്ചേർന്നു. അവിടെ നന്ദിമഹാകാളനും വേതാളിയും വസിക്കുന്നു. വിശന്നു ദാഹിച്ചു വലഞ്ഞു കിടക്കുന്ന വേതാളിയെ കൗണ്ഡികൻ ദേവിക്കു കാട്ടിക്കൊടുത്തു. അവളോടു ഭദ്രകാളി പറഞ്ഞു 'വേതാളീ എഴുന്നേൽക്കുക'.

വേതാളി പറഞ്ഞു : അല്ലയോ ഭദ്രേ, വിശപ്പും ദാഹവും എനിയ്ക്ക് അത്യധികം വർദ്ധിച്ചുവരുന്നു. ഹേ മഹേശ്വരീ അവിടുത്തെ ചുമക്കുവാനുള്ള ശക്തിയെനിക്കിപ്പോഴില്ല. എന്റെ വയറുനിറയ്ക്കുവാൻ ഞാൻ പാടുപെടുന്നു. അതിനു സഹായിക്കാമെങ്കിൽ ഞാൻ കൂടെ വരാം. ഭവതിയേയും മറ്റ് സൈന്യങ്ങളെയാകെയും ഞാൻ വഹിക്കാം. സർവ്വരേയും വഹിച്ചു ഞാൻ അസുരന്മാരുമായുള്ള യുദ്ധഭൂമിയിൽ സഞ്ചരിക്കുന്നതാണ്. വേതാളിയുടെ വാക്കുകൾ കേട്ട് ഭദ്രകാളി പറഞ്ഞു: ദാരുകപുരിയിൽ ചെന്നാൽ നടക്കുന്ന യുദ്ധോത്സവത്തിൽ നിനക്കു തിന്നാൻ ഇരുപതുകോടി ദൈത്യന്മാരെ ഞാൻ തരുന്നതാണ്.

ദേവിയുടെ വാക്കുകൾ കേട്ടു സന്തുഷ്ടയായി വേതാളിയുടൻതന്നെ എഴുന്നേറ്റു. സമുദ്രത്തിൽ സ്നാനം ചെയ്തു സുഗന്ധദ്രവ്യങ്ങൾ ശരീരത്തിൽ പൂശി. വനപുഷ്പങ്ങളാൽ മാല കോർത്ത് കഴുത്തിലും അരയിലും ശിരസ്സിലും കൈകളിലും അണിഞ്ഞു. തുടർന്ന് കണ്ഠേകാളിയെ സ്വകണ്ഠത്തിലിരുത്തി. ദേവിയുടെ കോടിക്കണക്കായ സൈന്യത്തെ പുറത്തുകയറ്റി. ഭൂതഗണങ്ങൾ ഭേരീപടഹദുന്ദുഭീനാദം മുഴക്കി. ദേവി സിംഹഗർജ്ജനം പോലെ ഉഗ്രഭീഷണമായ ശബ്ദം പുറപ്പെടുവിച്ചു.

വള്ളിക്കുടിലുകളിൽ ഒളിച്ചിരുന്ന ആറു മാതാക്കന്മാർ ഈ ഉഗ്രഗർജ്ജനം കേൾക്കുകയാൽ ഭീതിയകന്നു സൈന്യസമേതം അവിടേയ്ക്കെത്തി ചാമുണ്ഡയെ വണങ്ങി. പ്രധാനഭൂതയായി - പ്രഥമസ്ഥാനാർഹയായി ചാമുണ്ഡയും സഖിമാരാ

യി ആറുമാതാക്കളും; ഇവരെയൊന്നായ് സപ്തമാതൃക്കളെ ന്നു മുനികൾ പ്രകീർത്തിച്ചു തുടങ്ങി.

പെരുമ്പറ മുഴക്കത്താലും കൊമ്പു വിളിയാലും ആ കുലപർ വ്വതഗുഹാന്തരത്തിൽ ശബ്ദഘോഷം നിറഞ്ഞു. ഉയർത്തിപ്പി ടിച്ച കുടചാമരങ്ങളാൽ ആകാശം മറച്ചുകൊണ്ട ചണ്ഡികാ ദേവിയുടെ വൻസൈന്യം ദാരുകപുരിയിൽ എത്തിച്ചേർന്നു. തുടർന്ന് ലക്ഷകോടിസഹസ്രം വരുന്ന ഭൂതഗണങ്ങൾ വേഗ ത്തിൽ ദാരുകപുരിയെ സകലദിക്കുകളിൽ നിന്നും വളഞ്ഞു. നന്ദിമഹാകാളനെ മുൻനിർത്തി മഹേശ്വരി മറ്റു മാതാക്കന്മാ രോടൊപ്പം വടക്കേ കോട്ടവാതിൽക്കൽ നിലയുറപ്പിച്ചു.

ചണ്ഡികാദേവി ഉറച്ച ശബ്ദത്തിൽ ഉറക്കെ ദാരുക മഹാസു രനെ പോരിനു വിളിച്ചു. മദാലസനായി മാളികമുകളിൽ ഉറ ങ്ങിയിരുന്ന ദാരുകൻ ദേവിയുടെ പോർവിളി കേട്ടു ഞെട്ടിയു ണർന്നു. ഈ ശബ്ദഘോഷത്തിനു കാരണമെന്ത് എന്നറിയാ തെ ഭ്രമിച്ചുവശായ ദാരുകൻ ഇതിനേക്കുറിച്ച് കൂടുതൽ അ ന്വേഷിക്കുവാനായി ദുതനെയയച്ചു. ഭീതിയോടുകൂടി ദൂതൻ വടക്കേ ഗോപുര കവാടത്തിലെത്തി. ഉടനേ നന്ദിമഹാകാളൻ ദൂതന്റെ കൈയ്ക്കുപിടിച്ചു വലിച്ചു തല്ലിയശേഷം കഴുത്തിൽ ഒരു വൻമരത്തടി കെട്ടിത്തൂക്കി. ആ മരത്തടിയും കെട്ടിവ ലിച്ച് സംഭ്രമപൂർവ്വം ദൂതൻ ദാരുകഗേഹം പൂകി.

തന്റെ മഹാദുരിതങ്ങളേ പഴിച്ചു കരഞ്ഞ് ഇന്ദ്രവൈരിയായ ദാരുകദൈത്യനോടു ദൂതൻ ഇപ്രകാരം ഉണർത്തിച്ചു. ഹേ ദൈത്യരാജേന്ദ്ര, കഷ്ടത്തിൽ പെട്ടിരിക്കുന്ന എന്നെ രക്ഷി ച്ചാലും കഴുത്തിൽ മരത്തടി കെട്ടി ശത്രുക്കൾ എന്നെ ഇവിടേ യ്ക്ക് വിട്ടയച്ചിരിക്കുന്നു. ശത്രുസൈന്യത്തെ എണ്ണാൻ എനി ക്ക് ശക്തിയില്ല(അവരുടെ എണ്ണം സംഖ്യാതീതമാണ്.) ആ മ ഹാസൈന്യമധ്യത്തിൽ ഞാനൊരു ഘോരമൂർത്തിയെ കണ്ടു. വർഷമേഘം പോലെ കറുത്തിരുണ്ട ഭയാനക ശരീരം. ആ

കാശം മുട്ടുന്ന മുഖം. പ്രോജ്ജ്വലിക്കുന്ന ത്രിനേത്രങ്ങൾ. ദംഷ്ട്രാകരാളമായ വായിൽ ഇളകിയാടുന്ന നാവ്. തടിച്ചുരുണ്ട ഉറപ്പേറിയ പതിനാറ് കരങ്ങൾ. ദന്തീന്ദ്രന്മാരാണ് കുണ്ഡലങ്ങൾ. പത്തുദിക്കിലേയ്ക്കും പാറിപ്പറക്കുന്ന കേശങ്ങളാൽ ശോഭിക്കുന്ന ശിരസ്സ്. ആനത്തോലാണു വസ്ത്രം. ദിഗ്ഗജങ്ങളുടെ ചെവികൾപോലും തകർക്കും വണ്ണമുള്ള ഉഗ്രശബ്ദം പുറപ്പെടുവിക്കുന്നു. പാര, വാൾ, ശൂലം, ശരം, ചാപം, ഗദ, ഇരുമ്പുലക്ക, ഖട്വാംഗം, വേൽ മുതലായ ആയുധങ്ങൾ വഹിച്ചും ആയിരം ശരദ്കാലസൂര്യന്മാരുടെ ശോഭപൂണ്ടും ആ പട നടുവിൽ ഒരു സ്ത്രീ നിലകൊള്ളുന്നു.

ദൂതന്റെ ഈ വാക്കുകൾ കേട്ട ദാനവാധീശ്വരൻ ദേവിയോടേറ്റുമുട്ടുവാൻ തന്റെ മന്ത്രിമാരോട് ആജ്ഞാപിച്ചു. കരങ്കൻ, കൃപാണൻ, ബാണൻ, സ്ഥൂണൻ, ജയന്ധനൻ, ധൂമ്രൻ, ധൂമ്രാക്ഷൻ എന്നിവരായിരുന്നു ദാരുകന്റെ എട്ടു മന്ത്രിമാർ. ആന, കുതിര, രഥം, കാലാൾ എന്നവയുൾപ്പെട്ട പട കോടിക്കണക്കിനുള്ളവരും കാലനുതുല്യരുമാണ് ഈ മന്ത്രിമാർ. വാളും പരിചയും ധരിച്ചവരും, വില്ലും അമ്പും ധരിച്ചവരും, ഗദാധാരികളും ചുരികയും ഫലകവും ധരിച്ചവരും. വേലേന്തിയരും ശൂലവും മുൾത്തടിയും ധരിച്ചിരിക്കുന്നവരും വെണ്മഴുധരിച്ചവരും ഇരുമ്പുലക്കയെടുത്തവരും. തോമരം, കുന്തം, പാര, ചക്രം തുടങ്ങിയവ ധരിച്ചവരും ഉൾപ്പെട്ട നാനാതരം സേനകൾ ചേർന്ന മഹാസൈന്യവുമായിട്ടാണ് ദൈത്യമന്ത്രിമാർ യുദ്ധത്തിനിറങ്ങിയത്. പടയാളികളുടെ തോൾവളകൾ കുണ്ഡലങ്ങൾ മുതലായ ആഭരണങ്ങൾ കൂട്ടിയുരയുകയാൽ ഉയർന്നു പൊങ്ങിയ സ്വർണ്ണത്തരികളാൽ ആകാശം മറയ്ക്കപ്പെട്ടു. എട്ടുമന്ത്രിമാരുടേയും അവരുടെ ഇഷ്ടരായ സേനാപതിമാരുടേയും നേതൃത്വത്തിൽ ആർത്തലച്ചുവരുന്ന പെരുമ്പടയെ മഹേശ്വരിയായ ഭദ്രകാളി വീക്ഷിച്ചു.

തുടർന്ന് ഭൂതസൈന്യവും ദൈത്യസൈന്യവും തമ്മിൽ ഘോ

രവും, താരതമ്യപ്പെടുത്താനാവാത്തതും രോമാഞ്ചജനകവു മായ മഹായുദ്ധമാരംഭിച്ചു. നിരന്തരമായ അസ്ത്രപ്രത്യസ്ത്ര വർഷത്താൽ അന്തരീക്ഷം മറഞ്ഞു. രൂക്ഷമായ അട്ടഹാസ ശ ബ്ദങ്ങളാൽ ലോകരുടെ ചെവികൾ അടഞ്ഞു. വാൾത്തലക ളാൽ പരസ്പരം അരിഞ്ഞു വീഴ്ത്തപ്പെടുന്ന കഴുത്തുകളിൽ നിന്നൊലിച്ചു വീണ രക്തം കുതിർന്ന് രണഭൂമിയാകെ ചോര ക്കളമായി. യുദ്ധത്തിൽ ചത്തുവീണ ഗജവീരന്മാരുടെ ശരീര മാകുന്ന മലകളിൽ തട്ടിത്തകർന്ന രക്തപ്പുഴകൾ നൂറുകണ ക്കിന ശവങ്ങളും, തലകളും, ശരീരഭാഗങ്ങളും നിറഞ്ഞ് പല വഴി പാഞ്ഞൊഴുകിത്തുടങ്ങി. തലച്ചോറും മാംസവും തിന്നും രക്തം കുടിച്ചും പിശാചുക്കൾ യുദ്ധഭൂമിയിൽ ക്രീഡിച്ചു. ക ബന്ധങ്ങൾ തുള്ളി വിറച്ചു. ചത്തു വീഴുന്ന കുതിരകൾ ചോ രപ്പുഴയിൽ മുങ്ങി. രണാങ്കണം ഇപ്രകാരം അതിഭീകരമായി ത്തീർന്നു.

മുൻപ് ഉറപ്പു നൽകിയിരുന്നതുപോലെ ഭക്ഷിക്കുവാനായി ഇരുപതുകോടിദൈത്യന്മാരെ തന്റെ വാഹനമായ വേതാളിക്ക് കണ്ഠേകാളി സന്തോഷപൂർവ്വം നൽകി. കൂളിക്കൂട്ടങ്ങൾ കൗ തുകപൂർവ്വം അസുരന്മാരുടെ തലയോടുകൾ തമ്മിൽ കൂട്ടിയ ടിച്ചുതാളം മുഴക്കി. ഉച്ചത്തിൽ ആർപ്പുവിളിച്ച് കഴുത്തിൽ കു ടൽമാലക്കൂട്ടമണിഞ്ഞ് അവർ നൃത്തം ചെയ്തു. ശൂലം കൊണ്ട കഴുത്തിൽ പ്രഹരിച്ച് കരങ്കനെ ഭദ്രകാളി യുദ്ധഭൂമി യിൽ കൊന്നുവീഴ്ത്തി. കൃപാണനെ കൃപാണത്താലും (വാ ളാൽ), ബാണനെ ബാണത്താലും, ഇരുമ്പുലക്കകൊണ്ടുള്ള അടിയാൽ സ്ഥൂണനേയും മുദ്ഗരപ്രഹരത്താൽ ജയന്ധനനേ യും ചക്രം കൊണ്ടു ധൂമ്രനേയും, ധൂമ്രകേതുവിനാൽ ധൂമ്രാ ക്ഷനേയും, താമ്രശല്യത്താൻ താമ്രാക്ഷനേയും ഭദ്രകാളി നി ഗ്രഹിച്ചു. ഇപ്രകാരം എട്ടുമന്ത്രിമാരേയും സൈന്യസമേതം ചണ്ഡിക സംഹരിച്ചു. തന്റെ തോഴിയാൽ എന്ന പോലെ ജയശ്രീയാൽ (വിജയത്താൽ) ആശ്ലേഷിക്കപ്പെട്ട് ദേവി രണഭൂ മിയിൽ പ്രശോഭിച്ചു.

ദാരുകനും ദേവിയും തമ്മിലുള്ള ദാരുണമായ മഹായുദ്ധം കാണുവാനായി ദേവന്മാരും, ഗന്ധർവന്മാരും, കിന്നരന്മാരും, സിദ്ധന്മാരും, വിദ്യാധരന്മാരും, യക്ഷന്മാരും, സാധ്യന്മാരാദിയായുള്ള മററ് ഖേചരന്മാരും, പുലസ്ത്യൻ, പുലഹൻ, അഗസ്ത്യൻ, വസിഷ്ഠൻ, ഭൃഗു, കശ്യപൻ, തുംബുരു, ജാബാലി, നാരദൻ, പർവ്വതൻ, വാമദേവൻ, അത്രി തുടങ്ങിയ മഹാത്മാക്കളായ മഹർഷിമാരും യുദ്ധഭൂമിയുടെ മുകളിൽ വന്നു നിറഞ്ഞു നിലയുറപ്പിച്ചു. അവർ ഇഷ്ടദേവതയായ മഹേശ്വരിയെ ഇപ്രകാരം സ്തുതിച്ചു.

കണ്ഠേകാളാത്മജേ ദേവി കണ്ഠേ കാളി മഹേശ്വരീ
ഭഗവത്യഖിലാധാരേ ഭദ്രകാളീ നമോസ്തുതേ

മഹാവിദ്യേ മഹാമായേ മഹാകാളീ മഹാമതേ
മഹാസുരവധോദ്യുക്തേ ഭദ്രകാളീ നമോസ്തുതേ

മഹാശക്തിസ്വരൂപായൈ മഹാബ്രഹ്മമയാത്മജേ
മഹാവീര്യപ്രഭാവായൈ ഭദ്രകാളീ നമോസ്തുതേ

ബ്രഹ്മവിഷ്ണു മഹേശാനാമന്യേഷാഞ്ച ദിവൌകസാം
തേജസ്സംഭാരസംഭൂതേ ഭദ്രകാളീ നമോസ്തുതേ

ഭാരതീ ഭാർഗ്ഗവീ ദുർഗാ ഭൈരവീ ചണ്ഡികാംബികാ
ഇത്യാദ്യനേനകസംജ്ഞായൈ ഭദ്രകാളീ നമോസ്തുതേ

വിശ്വസ്ഥിതിലയോത്പത്തിഹേതുഭൂതേ സനാതനി
വിശ്വവിശ്രുതവിക്രാന്തേ ഭദ്രകാളീ നമോസ്തുതേ

ജഗന്മാതർജ്ജഗന്നാഥേ ജഗദ്വന്ദ്യേ ജഗത്പ്രിയേ
ജഗന്മൂർത്തേ ജഗദ്രക്ഷേ ഭദ്രകാളീ നമോസ്തുതേ

സാകാരേƒപി നിരാകാരേ സാശ്രയേƒപി നിരാശ്രയേ
സസംഭൂതേƒപ്യസംഭൂതേ ഭദ്രകാളീ നമോസ്തുതേ

സഗുണേപ്യഗുണേ സാക്ഷാത്സാഹംകാരേƒനഹംകൃതേ
സൂക്ഷ്മേƒപിസുമഹാമൂർത്തേ ഭദ്രകാളീ നമോസ്തുതേ

പ്രണതാഭയദേ ദേവി പ്രണവാത്മസ്വരൂപിണീ
പ്രണിബർഹിതദുഷ്ടൗഘേ ഭദ്രകാളി നമോസ്തുതേ

ആധിവ്യാധിമഹാമോഹദ്രോഹദോഷവിനാശിനി
ആഹിതാഗ്നിഭിരാരാദ്ധ്യേ ഭദ്രകാളീ നമോസ്തുതേ

ബ്രഹ്മാനന്ദാത്മികേ ദേവി ബ്രാഹ്മി ബ്രാഹ്മണവത്സലേ
ബ്രഹ്മഗോരക്ഷണോന്നിദ്രേ ഭദ്രകാളി നമോസ്തുതേ

ചന്ദ്രബിംബാനനേ ദേവി ചന്ദ്രികാധവളസ്മിതേ
ചന്ദ്രചൂഡാക്ഷിസംഭൂതേ ഭദ്രകാളി നമോസ്തുതേ

സൂര്യകോടിപ്രഭാപൂരേ സൂര്യചന്ദ്രാഗ്നിലോചനേ
സൂര്യഭിഷ്ടുതസത്കീർത്തേ ഭദ്രകാളി നമോസ്തുതേ

കുംഭികുംഭകുചാഭോഗേ കുംഭികുണ്ഡലമണ്ഡിതേ
കുംഭീന്ദ്രമന്ദഗമനേ ഭദ്രകാളി നമോസ്തുതേ

കാളിന്ദീലോലകല്ലോലസ്നിഗ്ധമുഗ്ധശിരോരുഹേ
കാളീ കാളഘനശ്യാമേ ഭദ്രകാളി നമോസ്തുതേ

ബന്ധൂകൃതമഹാഭൂതേ ബന്ധൂകരുചിരാധാരേ
ബന്ധുരാകൃതിസംസ്ഥാനേ ഭദ്രകാളി നമോസ്തുതേ

ബാലചന്ദ്രകലാപീഢേ ഫാലജാഗ്രദ്വിലോചനേ
നീലകണ്ഠപ്രിയസുതേ ഭദ്രകാളി നമോസ്തുതേ

ദംഷ്ട്രാചതുഷ്ടയലസച്ചാരുവക്ത്രസരോരുഹേ
ദ്വ്യഷ്ടബാഹുലതേ ദേവി ഭദ്രകാളി നമോസ്തുതേ

സ്ഥൂലദോർമ്മണ്ഡലോദഗ്ര ശൂലഖഡ്ഗാദിഹേതികേ
നീലാശ്മരുചിരച്ഛായേ ഭദ്രകാളി നമോസ്തുതേ

കംബുകണ്ഠഗളാലംബികൽഹാരാംബുജമാലികേ
അംബുജശ്യാമളോദഗ്രേ ഭദ്രകാളി നമോസ്തുതേ

ഹസ്തികൃത്തിപടാവീതവിപുലശ്രോണിമണ്ഡലേ
സ്വസ്തിദേ സർവഭൂതാനാം ഭദ്രകാളി നമോസ്തുതേ

കടീതടദ്വ്യഢോദഞ്ചച്ചലത്കാഞ്ചനകാഞ്ചികേ
കദളീസ്തംഭകമ്പോരു ഭദ്രകാളി നമോസ്തുതേ

സുവർണകാഹളീജംഘീ സുവർണ്ണമണിഭൂഷണേ
സുവർണാബ്ജസമാനാംഘ്രേഭദ്രകാളി നമോസ്തുതേ

ആപാദചൂഡമത്യന്തമഭിരാമകളേബരേ
ആപന്നാർത്തിഹരേ ദേവി ഭദ്രകാളി നമോസ്തുതേ

ചാമുണ്ഡേ ചാരുസർവാംഗി ചാപബാണാസിധാരിണീ
ചരാചരജഗദ്ധാത്രി ഭദ്രകാളി നമോസ്തുതേ

പത്മപത്രേക്ഷണദ്വന്ദ്വേ പത്മപാണിപദാനനേ
പത്മാസനാർച്ച്യമാനാംഘ്രേ ഭദ്രകാളി നമോസ്തുതേ

ഖണ്ഡിതാരാതിസംഘാതേ മണ്ഡിതാവനിമണ്ഡലേ

ചണ്ഡികേ ചന്ദ്രവദനേ ഭദ്രകാളി നമോസ്തുതേ

വേതാളവാഹനേ ഭൂമിപാതാളസ്വർഗപാലികേ
മാതംഗകുണ്ഡലധരേ ഭദ്രകാളി നമോസ്തുതേ

കേളീഷു വാഹനീഭൂതകൂളീപാളീസമന്വിതേ
കളായാളിരുചേ കാളീ ഭദ്രകാളി നമോസ്തുതേ

നാളീകനയനേ നാഥേ നാളീകാലാപശാലിനി
നാളീകാസ്ത്രജിതഃപുത്രി ഭദ്രകാളി നമോസ്തുതേ

വിശ്വവന്ദ്യപദാംഭോജേ വിശ്വരക്ഷാവിചക്ഷണേ
വിശ്വാസിനാം സതാംപത്ഥ്യേ ഭദ്രകാളി നമോസ്തുതേ

കല്യാണകല്പകതരോ കല്യേ കല്യാണി ഭൈരവി
കരുണാരുണാതാരാക്ഷി ഭദ്രകാളി നമോസ്തുതേ

ഏതാവന്നിശ്ചയാശക്യേ ഏതസ്തൂലദവാനലേ
ഏകദന്തസ്യഭഗിനി ഭദ്രകാളി നമോസ്തുതേ

ഈശാനപ്രിയസന്താനേ ഈഷാദംഷ്ട്രാഭയങ്കരി
ഈദൃഗ്വിധാവിരഹിതേ ഭദ്രകാളി നമോസ്തുതേ

ലക്ഷ്മീധരാർച്ചിതേ ദേവി ലക്ഷാസുരവിനാശിനി
ലക്ഷ്യലക്ഷണഹീനായൈ ഭദ്രകാളി നമോസ്തുതേ

ഹ്രീംകാരവേദ്യേ ത്രിപുരേ ഹ്രീമതി സ്മരസുന്ദരി
ഹ്രീംകാരമന്ത്രാർണപരേ ഭദ്രകാളി നമോസ്തുതേ

ഹരപങ്കേരുഹഭവഹരിമൂർത്തിത്രയാത്മികേ
ഹലാഹലസമുത്പന്നേ ഭദ്രകാളി നമോസ്തുതേ

സമാനവസ്തുരഹിതേ സമാനേ സർവജന്തുഷു
സമാനേ ദൈത്യമഥനേ ഭദ്രകാളി നമോസ്തുതേ

കഞ്ജനാഭാദിഭിർവന്ദ്യേ കഞ്ജായുധഹരാത്മജേ
കം ജനം നാ//വസി സ്മ ത്വം ഭദ്രകാളി നമോസ്തുതേ

ഹസ്തികൃത്തിപരീധാനേ ഹസ്തികുണ്ഡലമണ്ഡിതേ
ഹർഷദേ സർവജഗതാം ഭദ്രകാളി നമോസ്തുതേ

ലംബോദരസ്കന്ദതാതലലാടാക്ഷിസമുദ്ഭവേ
ലളിതേ ദാരുകാരാതേ ഭദ്രകാളി നമോസ്തുതേ

ഹ്രീംകാരമന്ത്രതത്ത്വാർഥേ ഹ്രീംഹ്രീഹ്രീം
രൂപധാരിണീ
ഹ്രീംകാരജപസുപ്രീതേ ഭദ്രകാളി നമോസ്തുതേ

സനാതനി മഹാമായേ സകാരദ്വയമണ്ഡിതേ
സനത്കുമാരാദിവന്ദ്യേ ഭദ്രകാളി നമോസ്തുതേ

കഠോരദാരുകവചഃ കദർഥീകൃത്യ യാ സ്വയം
കണ്ഠംഛേത്യസ്യസ്യതസ്യൈ ഭദ്രകാളിനമോസ്തുതേ

ലലന്തികാലസത്ഫാലേ ലകാരത്രയമാതൃകേ
ലക്ഷ്മീസാക്ഷിണീ ലോകസ്യ ഭദ്രകാളിനമോസ്തുതേ

ശ്രിതഭക്താവനചണേ ശ്രീസന്താനവിവർദ്ധിനി
ശ്രീപതിപ്രമുഖാരാദ്ധ്യേ ഭദ്രകാളി നമോസ്തുതേ

അത്യാപദിസ്മൃതാഭക്തൈഃ സ്വപ്നാദുത്ഥായ സത്വരം
വനദുർഗാഭയം ധത്സേ ഭദ്രകാളി നമോസ്തുതേ

ത്രിശൂലക്ഷതദൈത്യേന്ദ്ര വക്ഷഃസ്ഥലവികസ്വരം
രുധിരം യാ പിബത്തസ്യൈ ഭദ്രകാളി നമോസ്തുതേ

പാതാളഭദ്രകാളീ ത്വം വേതാളഗളസംസ്ഥിതാ
മഹാഭൈരവകാളീ ച ഭദ്രകാളി നമോസ്തു തേ

നന്ദേശ്വരീ കൃഷ്ണകാളീ തിരസ്കരണസാക്ഷിണീ
ത്വരിതാ ശൂലിനീ ച ത്വം ഭദ്രകാളി നമോസ്തുതേ

ഉഗ്രകൃത്യേ പക്ഷിദുർഗേ ഭ്രമരദുർഗേ മഹേശ്വരി
രക്തേശ്വരി ശ്രീമാതംഗി ഭദ്രകാളി നമോസ്തുതേ

കുബ്ജികേ രക്തചാമുണ്ഡേ വാരാഹി ശ്യാമളേ ജയേ
ശ്മശാനകാളീ ശ്രീവിദ്യേ ഭദ്രകാളി നമോസ്തുതേ

അശ്വാരൂഢേ അന്നപൂർണേ ബാലേ ത്രിപുരസുന്ദരീ
സ്വയംവരേ വിഷ്ണുമായേ ഭദ്രകാളി നമോസ്തുതേ

ബ്രഹ്മവിഷ്ണുശിവസ്കന്ദയമേന്ദ്രാംശസമുദ്ഭവാഃ
മാതരോ യശ്വശേ തസ്യൈ ഭദ്രകാളി നമോസ്തുതേ

സുരമനുജകലാപപൂജിതായൈ
ദനുജഭടാളിസമൂലഖണ്ഡിതായൈ
മനുജസുരസമൂഹപാലിതായൈ
പ്രതിദിനമംബ നമോസ്തു ചണ്ഡികായൈ

സകലധരണിദേവസേവിതായൈ
സതതമമർത്ത്യകുലേന സംസ്തുതായൈ
തദനുകൃതസമസ്തരുദ്രകേളൈ്യ
സമധികമംബ നമോസ്തു ഭദ്രകാളൈ്യ

പരിമഥിതവിരോധിമണ്ഡലായൈ
പരികലിതോത്തമഹസ്തികുണ്ഡലായൈ
സമരവിഹരണൈകലോഭവത്യൈ
സവിനയമസ്തു നമോ നമോ ഭവത്യൈ

ജഗത്ത്രയാദ്ധ്യസ്തജനൈക കണ്ടകം
ജഹി ദ്രുഹം ഭൈരവി ദാരുകാസുരം
സബാലവൃദ്ധം സഹ പുത്രമിത്രകം
സഹസ്രകോട്യർബ്ബുജസൈനികാന്വിതം

യേന വിദ്രാവിതാഃ സ്വർഗ്ഗാദ്വർഗ്ഗഃ സ്വർഗ്ഗനിവാസിനാം
ഭുവി പർവതരന്ധ്രേഷു ഗൂഢം സാംപ്രതമാസതേ
യജ്ഞഭാഗഭുജാം ഭൂമൌ യജ്ഞനാശേന ഹേതുനാ
നാസ്മാകം ജീവനോപായഃ ക്വാപി കിം കർമ്മ
കുർമ്മഹേ

തത് പ്രസീദേ മഹാദേവി കണ്ഠേ കാളി കലാവതി
ഭദ്രം ദേഹി ത്വമസ്മഭ്യം ഭദ്രകാളീ നമോസ്തുതേ

ഋഷയഃ ഊചുഃ

കാർത്ത്യായനീതിയാ ജാതാ കംസശത്രോസ്സഹോദരീ
മൂർത്ത്യാവിഷ്ണുപദംപ്രാപ്താ ഭദ്രകാളീ ത്വമേവ സാ

യാ നിസുംഭഞ്ച സുംഭഞ്ച ചണ്ഡി മുണ്ഡം മഹാസുരം
ഖണ്ഡയാമാസ ഖഡ്ഗേന ഭദ്രകാളീ ത്വമേവ സാ

യാ പുരാ രക്തസംഭൂതബഹുസാഹസ്രസൈനികം
ജഘാന രക്തബീജാഖ്യം ഭദ്രകാളീ ത്വമേവ സാ
യാ നികൃത്യാ ത്രിശൂലേന മഹിഷാസുരമസ്തകം
പീഠം കൃത്വാ തദദ്ധ്യാസ്ത ഭദ്രകാളീ ത്വമേവ സാ

ഔദാസീന്യേന യാ പൂർവം ക്ഷേത്രജ്ഞേനക്ഷണേരിത
മായാഖ്യാ വിശ്വമസൃജത് ഭദ്രകാളീ ത്വമേവ സാ

മന്ദരേണ മഹാസിന്ധോർമഥ്യമാനാത് സുരാസുരൈഃ
യാ*f*ജനിഷ്ട രമാ നാമ ഭദ്രകാളീ ത്വമേവ സാ

പത്മവിഷ്ടരസംവിഷ്ടാ പത്മപാണിരവീവരത്
പത്മാഖ്യാ പത്മനാഭം യാ ഭദ്രകാളീ ത്വമേവ സാ

മാതംഗീ നാമ യാ ധത്തേ വല്ലകീം കരപല്ലവേ
സംഗീതദേവതാ സാക്ഷാത് ഭദ്രകാളീ ത്വമേവ സാ

ദക്ഷപ്രജാപതേർജ്ജാതാ ത്ര്യക്ഷദേവസ്യ വല്ലഭാ
യാ*f*ജുഹോദ്യോഗവഹ്നൌ സ്വം ഭദ്രകാളീ ത്വമേവ സാ

മേനായാം യാ പുനർജ്ജാതാ മഹതസ്തു ഹിമാചലാത്
ശരീരാർദ്ധമഭൂച്ഛംഭോർഭദ്രകാളീ ത്വമേവ സാ

ധാതുഃ കമണ്ഡലോർജ്ജാതാ വിഷ്ണുപാദാവനേജനീ
ആസ്തേ ശംഭുജടാജൂടേ ഭദ്രകാളീ ത്വമേവ സാ

ബഹുനാ കിമിഹോക്തേന പ്രധാനം പ്രകൃതിശ്ച യാ
ജീവസ്യ ബ്രഹ്മശ്ശക്തിർഭദ്രകാളീ ത്വമേവ സാ

തദംബ തത്താദൃഗുദാരവൈഭവാ
ഭവാർണ്ണവോത്താരണ കർണ്ണധാരിണീ
ഭവാക്ഷിജാ സംപ്രതി ഭദ്രകാളി നോ
ഭയൈകഹേതും ജഹി ദാരുകാസുരം

മുനയോ മാരുതാഹാരാ വാതാതപസഹിഷ്ണവഃ

കേഷാമപ്യപ്രിയം നൈവ കുർവതേ വനവാസിനഃ

കേചിച്ഛാകേന ജീവന്തി കേചിജ്ജീവന്തി വാരിണാ
കേചിത്പർണ്ണേന ജീവന്തി ജീവന്ത്യന്യേഫലേന വൈ

കേചിജ്ജീവന്തി കന്ദേന ദന്തോലൂഖലിനോfപരേ
അശ്മകുട്ടാശ്ച സന്ത്യേകേ നിരാഹാരാശ്ച കേചന

മഹാവാരാർക്കിണഃ കേചിത്
കേചിത് സ്ഥണ്ഡിലശായിനഃ
വർത്തന്തേ കേചിദൂർധ്വാക്ഷാഃ
കേചിദുത്താനബാഹവഃ

ഏവം തീവ്രവ്രതപശ്ചര്യാകർശികാംഗന നാഗസഃ
ഹതാശാഃ പീഡയന്ത്യസ്മാൻ ദാരുകാസുരകിങ്കരാഃ

പ്ലുഷ്യന്തി പർണശാലാശ്ച
ഛിന്ദ്യാശ്രമപാദപാൻ
ഋഷീണാമങ്കസംവൃദ്ധാൻ
വിനിഘ്നന്ത്യേണ ശാബകാൻ

യജ്ഞശാലാ വിമൃദ്നന്തി
യജ്ഞപാത്രാണി ഭിന്ദതേ
യജ്ഞേഷു യൂപസംബദ്ധാൻ
പശൂനശ്നന്തി ഖണ്ഡിതാൻ

ഷ്ഠീവന്തി യജ്ഞവേദ്യന്തffയാജകാൻ പ്രഹരന്തി ച
അഗ്നികുണ്ഡേഷു രക്താനി പ്രക്ഷിപന്തി ശവാനി ച

ഉടജാങ്കണദേശേഷു വിഹരന്തോ ദിവാനിശം

വിഹസന്തോ വിജല്പന്തോ ഭർത്സയന്തി മഹാമൂനീൻ

ഹരന്തി മുനിപത്നീശ്ച
ഹിംസന്തി ബ്രഹ്മചാരിണഃ
താഡയന്തി മഹാവൃദ്ധാം
സ്താപസേന്ദ്രാംസ്തപസ്യതഃ

വാപീ കൂപതടാകാംശ്ച പൂരയന്തി ശിലാതലൈഃ
ഉന്മൂലയന്തി മാർഗ്ഗേഷു ഛായാവൃക്ഷാനിതസ്തതഃ

ശ്യാമാകശാലിനീ വാരപ്രിയംഗുഫലശാലിനഃ
പ്രദേശാൻ ഭസ്മസാത്കുർവന്ത്യമീ ദാരുകകിങ്കരാഃ

ഇത്ഥം ബഹൂന്യപകൃതാനി കൃതാനി ദൈത്യൈ-
രദ്യാപി ഹന്ത വിവിധാനി ഖലു ക്രിയന്തേ
തസ്മാദമനുഖിലതോ വിനിഹത്യ വേഗാ-
ദസ്മാംസ്ത്വമംബപരിപാലയ ഭദ്രകാളീ

ഇപ്രകാരം ദേവമുനീന്ദ്രാദികൾ സ്തുതിക്കുകയാൽ കാരുണ്യാമൃതവാരിധിയായ ദേവി പ്രസന്നയായി അവർക്ക് കടാക്ഷത്താൽ ആശ്വാസമേകി. ത്രിശൂലാദി ആയുധങ്ങൾ ധരിച്ച് വേതാളകണ്ഠമേറി അത്യുച്ച ഹൂഹൂരവത്താലും ഭൂതപ്രേത പിശാചികാകിലുകിലാരവത്താലും മഹാഭീകരമായ ഭൂമിയെ തന്റെ വില്ലിന്റെ ഞാണൊലിയാലും ഭേരീരവത്താലും ചണ്ഡിക വിറപ്പിച്ചു.

തന്റെ മന്ത്രിമാർ മരിച്ചവാർത്തയും ഞാണൊലിയും ഭൂതാട്ടഹാസവും കേട്ട് കോപാന്ധനായ ദാരുകൻ സ്വർണ്ണസിംഹാസനം വിട്ട് നാനായുധങ്ങൾ ധരിച്ച് യുദ്ധത്തിനു പുറപ്പെടാൻ ഒരുങ്ങി. അതിനു മുൻപ് ബ്രഹ്മദേവൻ തനിക്കു നൽകിയ രണ്ടു മന്ത്രങ്ങൾ മനോദരിയ്ക്ക് ദാരുകൻ പറഞ്ഞു കൊടുത്തു.

ഭക്തിയോടെ മന്ത്രങ്ങൾ ജപിക്കുവാനും ഗൃഹത്തിൽ വരുന്ന പൂജ്യരെ പൂജിക്കുവാനും നിർദ്ദേശിച്ച് ഭാര്യയെ ആശ്വസിപ്പിച്ച് ദാരുകൻ യുദ്ധത്തിനിറങ്ങി. വൻപടയോടുകൂടി യുദ്ധഭൂമിയിലെത്തിയ ദാരുകൻ കാളിയോടു പറഞ്ഞു, മഹാമൂഢേ നിൽക്കുക. എന്റെ വീരരായ മന്ത്രിമാരെക്കൊന്നു നീ ഞെളിയുന്നുവോ? സ്ത്രീകൾക്കു വീര്യശൗര്യങ്ങളുണ്ട് എന്നു കേട്ടറിവില്ല. തെല്ലെങ്കിലും നിനക്കുണ്ടെങ്കിൽ എന്നോടു യുദ്ധം ചെയ്യുക. നാരിമാർ വദ്ധ്യരല്ല. എന്നാൽ നിന്റെ കാതും മൂക്കും ഞാൻ മുറിക്കും. ഇത്രയും പറഞ്ഞു ദാരുകൻ ദേവിയുമായി യുദ്ധം ആരംഭിച്ചു. ദാരുകൻ അയച്ച അസ്ത്രങ്ങളെല്ലാം ദേവി ഖണ്ഡിച്ചു. ഒടുവിൽ ബ്രഹ്മദേവൻ കൊടുത്ത ബ്രഹ്മദണ്ഡം അസുരൻ പ്രയോഗിച്ചു. അതുകണ്ടു ഭയഭീതരായ ദേവകൾ ബ്രഹ്മാവിനെ സ്തുതിച്ചു. അതിനാൽ ബ്രഹ്മദണ്ഡത്തിന്റെ ശക്തി കുറഞ്ഞു.

ഭദ്രകാളി യുദ്ധഭൂമിയിൽ നിന്നു മാറി വിശ്രമിച്ചു. പാർവതീദേവി പുത്രിയുടെ സമീപത്തു വന്നു ചോദിച്ചു, ഭദ്രേ, പടക്കളത്തിൽ നിന്നും നീ മാറുവാൻ കാരണമെന്താണ്? ദാരുകനെ വധിക്കാനുള്ള ഉപായം പറഞ്ഞു തരാം. ബ്രഹ്മാവു അവനു രണ്ടു മന്ത്രങ്ങൾ നൽകിയിരുന്നു. ദാരുകപത്നിയായ മനോദരി അവ ഗ്രഹിച്ചിരിക്കുന്നു. അവളോടു മന്ത്രങ്ങൾ ഗ്രഹിച്ച് ഞാൻ വേഗത്തിൽ വരാം. ഇത്രയും പറഞ്ഞു പാർവതി ഒരു ദരിദ്രയാചകിയുടെ വേഷത്തിൽ മനോദരിയെ സമീപിച്ചു ഭിക്ഷയാചിച്ചു. ആഗ്രഹിക്കുന്നതെന്തും തരാം എന്നു പറഞ്ഞ മനോദരിയോട് യാചകി പറഞ്ഞു. ഞാൻ മോക്ഷം മാത്രം കാംക്ഷിക്കുന്നു. അന്യവസ്തുക്കളിൽ ആഗ്രഹമില്ല. മോക്ഷദായകമായ മന്ത്രം നിനക്കറിയാമല്ലോ. നിന്റെ ഭർത്താവിന്റെ വിജയത്തിനായി അതെനിക്കു ഉപദേശിക്കുക. മാംഗല്യരക്ഷക്ക് ഈ ദാനം അത്യുത്തമമാണ്. ഒരാൾ മാത്രം ജപിച്ചാൽ ആ മന്ത്രത്തിനു ഫലം ലഭിക്കുകയില്ല. അതിനാൽ പോരിൽ ക്ഷീണിച്ച നിന്റെ ഭർത്താവിന്റെ വിജയത്തിനായി മന്ത്രങ്ങൾ

നമ്മളിരുവരും ജപിക്കണം.

യാചകിയുടെ വാക്കുകൾ സത്യമെന്നു കരുതിയ മനോദരി മ ന്ത്രങ്ങൾ യാചകിയുടെ കാതുകളിൽ ഉപദേശിച്ചു. വിജനമായ ഇടത്തിരുന്നു താൻ മന്ത്രം ജപിക്കാം എന്നു പറഞ്ഞ് യാചകി മനോദരിയോടു യാത്ര പറഞ്ഞു. മന്ത്രങ്ങൾ പാർവതി ഭദ്ര കാളിക്ക് ഉപദേശിച്ചു. മന്ത്രം ജപിച്ച് ഉഗ്രപരാക്രമിയായ ദേവി ദാരുകനെ വീണ്ടും പോരിനു വിളിച്ചു. അസ്ത്രങ്ങളാൽ ദാരു ക രഥം ദേവി നശിപ്പിച്ചു. അസുരന്റെ ബ്രഹ്മദണ്ഡം നിഷ്ഫല മായി.

മന്ത്രങ്ങൾ കാളി മനസ്സിലാക്കിയിരിക്കുന്നു എന്നറിഞ്ഞ അ സുരൻ ഭാര്യയോടു വൃത്താന്തമാരാഞ്ഞു. മനോദരിയിൽ നി ന്നു വിവരങ്ങൾ എല്ലാം ദാരുകൻ മനസ്സിലാക്കി. മായയാൽ കാളി തന്നെ വഞ്ചിച്ചു എന്നു ദാരുകൻ തിരിച്ചറിഞ്ഞു. ത ന്റെ പ്രാരബ്ധകർമ്മം തീർന്നുവെന്നു മനസ്സിലാക്കിയ ദാരു കൻ മനോദരിയെ പിതാവായ മയന്റെ അടുക്കലേയ്ക്ക് അയ ച്ചു.

ദേവിയുടെ സൈന്യം അസുരന്റെ നഗരം തകർത്തു തരിപ്പണ മാക്കി. ഇതു കണ്ടു സഹികെട്ട ദാരുകൻ യുദ്ധത്തിനിറങ്ങി. ഉ ത്തരത്തിൽ തലയിടിച്ചു മുറിയുകയും കൊടിമരം മുറിഞ്ഞു വീഴുകയും ഇടങ്കണ്ണു തുടിക്കുകയും ചെയ്തതു ദുഃശ്ശകുന മായി ദാരുകൻ മനസ്സിലാക്കി. അതു വകവെയ്ക്കാതെ യുദ്ധ ത്തിനിറങ്ങിയ അസുരൻ അസ്ത്രങ്ങളാൽ വേതാളിയെ മൂടി ദേവിയുമായി മഹായുദ്ധം ആരംഭിച്ചു. അസുരന്മാരുടെ ശരീ രം തിന്നു വേതാളി മദിച്ചു. ഇരുപത്തിയൊന്നു ദിവസം കാളീ ദാരുകന്മാർ യുദ്ധം ചെയ്തു. ഒടുവിൽ ദാരുകന്റെ ബ്രഹ്മദ ണ്ഡം താഴെ വീണു. ആ ബ്രഹ്മദണ്ഡത്താൽ ദേവി ദാരുകനെ പ്രഹരിച്ചു. തളർന്ന ദാരുകൻ ഭയന്നോടി. പതാളത്തിൽ അ സുരൻ ഒളിച്ചിരിക്കുന്നു എന്ന് അശരീരിയാൽ മനസ്സിലാക്കിയ

ദേവി നാലാഴിയുടെ നടുവിൽ നാവു വിരിച്ചു ഭൂമിയിൽ പ്രതാപമോടെ നിന്നു. ചികുരങ്ങളാൽ സൂര്യനെ മറച്ചു രാത്രിയാക്കി. രാത്രിയായി എന്നു കരുതി ദാരുകൻ കാളി നാവുവിരിച്ച ഭൂമിയിലെത്തി. നാക്കു ചുരുക്കി അസുരനെ മേൽപ്പോട്ടെറിഞ്ഞ ദേവി അവനെ ശൂലം കൊണ്ടു കുത്തി. ശൂലാഗ്രത്തിൽ ചോരയോടെ വിലപിക്കുന്ന അസുരനെ താഴെവീഴ്ത്തി അവന്റെ മാറു ശൂലത്താൽ പിളർത്തി. രക്തത്തിൽ ആറാടിയ അസുരൻ തന്നെ വധിക്കരുതേ എന്നു ദേവിയോടു അഭ്യർത്ഥിച്ചു. ദേവിക്ക് അസുരനിൽ കരുണതോന്നുന്നുവെന്നു മനസ്സിലാക്കിയ മഹർഷിദേവഗന്ധർവസിദ്ധവിദ്യാദരാദികൾ ദേവിയെ സ്തുതിച്ചു. .

ഭവാത്മജയായ ഭദ്രകാളീ ഞങ്ങൾ നമിക്കുന്നു. ഖലമാനസനായ ദാരുകൻ കാരുണ്യത്തിനു പാത്രമാകുന്നതെങ്ങിനെ? സകലലോകങ്ങളും മുടിച്ചു ധർമ്മം നശിപ്പിച്ചു ദേവമർമ്മം ഭേദിച്ചവനാണിവൻ. സാക്ഷാൽ മഹാദേവനെ നിന്ദിച്ചവനാണിവൻ. നിന്റെ ആശ്രിതരായ ഞങ്ങളെ ഭ്രഷ്ടരാക്കി ഭൂസ്വർഗ്ഗങ്ങൾ കയ്യേറിയവനാണിവൻ. മാതാക്കളെ ഓടിച്ചവനും നിന്റെ മെയ്യിൽ കൂർത്തശരങ്ങൾ എയ്തവനുമാണു ദാരുകൻ. ദാരുകവധത്തിനായാണല്ലോ ശംഭു നിന്നെ ലലാടനയനാഗ്നിയിൽ നിന്നു ജനിപ്പിച്ചത്. അതിനാൽ ഈ ദുഷ്ടനിൽ കരുണയുള്ളവളായാൽ മഹേശ്വരൻ കോപിക്കും. ദാരുകവധം ദേവകാര്യമാണ്. അതു പൂർത്തീകരിക്കാൻ വൈകുന്നതെന്തേ? ഈ പാപിചെയ്ത ആയിരക്കണക്കിനുള്ള അപരാധങ്ങളോർത്ത് ഇവനെ വധിച്ചാലും. മായാവിയായ ഇവൻ മറയുന്നതിനു മുൻപ് പ്രവർത്തിച്ചാലും. .

ദേവകളുടെ വാക്കുകേട്ട് അതികോപവിജൃംഭിതയായ ദേവി പൂർവ്വാധികം ക്രുദ്ധയായി അട്ടഹാസത്തോടെ ദാരുകനെ ഭൂമിയിൽ മറിച്ചിട്ടു. അവന്റെ മാറിടം ത്രിശൂലത്താൽ പിളർന്നു ചുടുരക്തം തന്റെ കപാലപാത്രത്തിലെടുത്ത് ദേവി പാനം

ചെയ്തു. അവന്റെ ഹൃദയം ഭക്ഷിച്ചു. അവന്റെ കുടൽമാല ശരീരത്തിലണിഞ്ഞു. വാളെടുത്ത് ദാരുകശിരസ്സു വെട്ടി കയ്യിൽപ്പിടിച്ചു കാളി സിംഹനാദത്തോടെ എട്ടുദിക്കുകളേയും പ്രകമ്പനം കൊള്ളിച്ചു നിൽപ്പായി. രൗദ്രോൽക്കടാകൃതി ധരിച്ച കാളിയെ ദർശിച്ചു ദേവകളുൾപ്പെടെ സകലരും ഭീതരായി പലായനം ചെയ്തു.

വേതാളിയുടെ കഴുത്തേറി ഭൂതാളീസേവ്യയായി കാളി സഞ്ചരിച്ചു. ഭേരീപടഹഘോഷങ്ങളോടെ ഭൂതവേതാളസൈന്യങ്ങൾ കൈലാസത്തിനു സമീപമെത്തി. കാളിയുടെ ഉഗ്രകോപം ദിവ്യദൃഷ്ടിയാലറിഞ്ഞ പരമേശ്വരൻ നന്ദിയേയും ഗണപതിയേയും വിളിച്ചു. ഭഗവാൻ അവരോടു പറഞ്ഞു, നിങ്ങൾ കുട്ടികളായി ബാഹ്യഗോപുരവാതിലിൽ മലർന്നു കിടക്കുക. സുരന്മാരെല്ലാം ഗോപുരത്തിനകത്തു നിൽക്കുക. കോപിച്ചു വരുന്ന കാളിയെ സ്തോത്രത്താൽ സന്തോഷിപ്പിച്ചു ശാന്തയാക്കുക. ഭഗവാന്റെ ആജ്ഞാനുസാരം നന്ദിയും ഗണപതിയും ഗോപുരദ്വാരത്തിൽ ബാലകരായിക്കിടന്നു. രോഷാഗ്നിയോടെ പാഞ്ഞടുത്ത ഭദ്രകാളി നിലത്തു ശയിക്കുന്ന ബാലകന്മാരെ കണ്ട രണ്ടുകുട്ടികളേയും തന്റെ നാലുകരങ്ങളാലെടുത്ത് ലാളിച്ചു. കോപം ശമിച്ച ദേവി ഗോപുരത്തിനുള്ളിൽ പ്രവേശിച്ചു. ദാരുകവധം കഴി ഞ്ഞു വന്നെത്തിയ കാളിയെ ദേവകൾ സ്തുതിച്ചു.

ദേവീ പ്രസീദ ദനുജാന്തകരീ പ്രസീദ
കാളീ പ്രസീദ കമനീയതനോ പ്രസീദ
ഭദ്രേ പ്രസീദ ഭവനേത്രഭവേ പ്രസീദ
മായേ പ്രസീദ മഹനീയതമേ പ്രസീദ

പാപോഹതസ്സഖലുദാരുകദൈത്യപാശ-
സ്താപോ ഗതസ്സുരനരോരഗജീവഭാജാം
ലോപോ ന സമ്പ്രതി മഹീസുരധർമ്മവൃത്തേഃ

കോപോ/ധുനാ തവമുധാ ഭുവനൈകനാഥേ

കോപം ജഹീഹി ഭഗവത്യയി ഭദ്രകാളി
ശ്ലാഘന്തി കേ ന തവ ശത്രു ജയ പ്രയാസം
സാധിഷ്ഠയാ സകലകർമ്മസു സജ്ജനാനാ-
മാധിസ്ത്വയാ/പഗമിതോ വിമത പ്രമാഥാത്

യാ സൃജ്യത്യഖിലാൻ ലോകാൻ
യാ ച രക്ഷതി താനിമാൻ
യാ പുനസ്സംഹരത്യന്തേ
നമസ്തസ്യൈ നമോ നമഃ

യസ്യാ ഉന്മീലിതേ നേത്രേ
ജഗദേതത് പ്രകാശതേ
നിമീലിതേ തു നിശ്ശേഷ്ടം
നമസ്തസ്യൈ നമോ നമഃ

ബ്രഹ്മണഃപ്രകൃതിം പ്രാഹുർ-
യ്യാമേവാമേയ വൈഭവാം
യതോ ഹി വിശ്വസ്യോത്പത്തിർ-
ന്നമസ്തസ്യൈ നമോ നമഃ

യസ്യാ വികൃതിരേവേദം വസ്തുജാതം ചരാചരം
യത്രൈവ ലീയതേ സർവ്വം നമസ്തസ്യൈ നമോ നമഃ

യാ ദേവീ ദേവഗന്ധർവ്വ
സിദ്ധവിദ്യാധരോരഗൈഃ
അന്യൈശ്ചാ സേവ്യതേ നിത്യം
നമസ്തസ്യൈ നമോ നമഃ

യാ ദേവീ സേവമാനാനാം ജനാനാമഖിലാമയാൻ
അപാകരോതി കൃപയാ നമസ്തസ്യൈ നമോ നമഃ

യാ ദയാമൃത ദുഗ്ദ്ധാബ്ധിരർത്ഥി മന്ദാരവല്ലരീ
സൂര്യകോടിപ്രതാപാഢ്യെ നമസ്തസ്യൈ നമോ നമഃ

യാ ഭവാനീതി മായേതി ഭാർഗ്ഗവീ ഭൈരവീതി ച
ഭാരതീതി ച ഗീതാസി നമസ്തസ്യൈ നമോ നമഃ

ചണ്ഡീതി ഭദ്രകാളീതി ചാമുണ്ഡാ ശാംഭവീതി ച
കണ്ഠേകാളീതിചാഖ്യാതാ നമസ്തസ്യൈ നമോ നമഃ

അന്തർബ്ബഹിശ്ച യാ ദേവീ
വിശ്വേഷാമഭിവർത്തതേ
അദ്വൈതം വസ്തു തത്ത്വം യാ
നമസ്തസ്യൈ നമോ നമഃ

യയാ ലോകത്രയാവാസി ജനദ്രോഹീ ജനംഗമഃ
ദാരുകോനിഹതഃസംഖ്യേ നമസ്തസ്യൈ നമോ നമഃ

ദേവോരഗമനുഷ്യാണാം സ്വർഗ്ഗപാതാളഭൂഭുജാം
യോഗക്ഷേമാർത്ഥമാസീദ്യാ നമസ്തസ്യൈനമോ നമഃ

ദേവാരിവംശകാന്താര വിപ്ലോഷായ ബിഭർത്തി യാ
ഫാലാക്ഷികുണ്ഡേധദഹനം നമസ്തസ്യൈ നമോ നമഃ

ദംഷ്ട്രാകരാളദന്തോഷ്ഠമർക്കചന്ദ്രാഗ്നിലോചനം
യാ വഹത്യാനനാംഭോജം നമസ്തസ്യൈ നമോ നമഃ

ഗണ്ഡാവലംബി വേതണ്ഡ കുണ്ഡലം മുണ്ഡദാമവത്
യദ്വപുശ്ചണ്ഡികേചണ്ഡം നമസ്തസ്യൈ നമോ നമഃ

അസുരാന്ത്ര ഗുണശ്രേണീ ഭൂഷണം വൈരിഭീഷണം
യദ്ഗാത്രം യശസാംപാത്രം നമസ്തസ്യൈ നമോ നമഃ

യസ്യാ ധൃതഗദാശൂലചക്രചാപശരാദയഃ
സന്തിഷോഡശദോർദ്ദണ്ഡാ നമസ്തസ്യൈനമോ നമഃ

ശൂലകൃത്തം ഗളദ്രക്തം ദാരുകസ്യ ബൃഹച്ഛിരഃ
യാ ബിഭർത്തി കരാഗ്രേണ നമസ്തസ്യൈ നമോ നമഃ

യദ്വപുഃ ശ്യാമളം ശുഭ്രകപാലസ്രഗലംകൃതം
സവലാകാഭ്രസങ്കാശം നമസ്തസ്യൈ നമോ നമഃ

അഞ്ജനാഞ്ചിതനേത്രാന്തമഞ്ജനാചലമേചകം
മഞ്ജുഭീമം ച യദ്ഗാത്രം നമസ്തസ്യൈ നമോ നമഃ

ഝണൽക്കാരരണച്ചാരുമണിമഞ്ജീരമഞ്ജുളം
ചരണാബ്ജയുഗം യസ്യാ നമസ്തസ്യൈ നമോ നമഃ

കേശാദിപാദമത്യന്തബന്ധുരം കംബുകന്ധരം
ഉഗ്രം ച വിഗ്രഹം യസ്യാ നമസ്തസ്യൈ നമോ നമഃ

ഭദ്രകാളി മഹാദേവി ഭദ്രദേ രുദ്രനന്ദിനി
യാ നസ്സന്ത്രായസേ നിത്യം നമസ്തസ്യൈ നമോ നമഃ

സ്മൃതമാത്രാപി യാ നൃണാമാധിവ്യാധി വിനാശിനീ
സർവ്വസമ്പദ്പ്രദാത്രീ യാ നമസ്തസ്യൈ നമോ നമഃ

ശത്രുസംഹാരിണീ സാക്ഷാത്
സാക്ഷിണീ സർവകർമ്മണാം
ശക്തിർയ്യാ കാചിദത്യുഗ്രാ
നമസ്തസ്യൈ നമോ നമഃ

കാളീ കാളഘനാളിമേചക മഹാ-
കായാ ച മായാമയീ
കാളിന്ദീജലഭംഗഭംഗികബരീ-
ഭാരാഭിരാമാനനാ
നാളീകായതലോചനാ നരസുര-
ശ്രേണീ സമാരാധിതാ
കേളീദാരിതദാരുകാസുരശിരോ-
ജാഗ്രത്കരാ പാതു നഃ

ദേവന്മാരുടെ സ്തുതികേട്ട് കോപം വെടിഞ്ഞ ദേവി കടാക്ഷത്താൽ അവർക്കു ഭദ്രം(മംഗളം) നൽകി. ദേവി മാതാപിതാക്കന്മാരെ വന്ദിച്ചു. ദേവകാര്യം നിർവഹിച്ചു കൃതകൃത്യയായി വന്നെത്തിയ പുത്രിയെക്കണ്ട ശിവപാർവതിമാർ സന്തുഷ്ടരായി ഭദ്രകാളിയോടു പറഞ്ഞു: ഭുവനത്തിനെല്ലാം ഭദ്രം നൽകുവാൻ നീ ചിരം വാഴുക. ലോകർക്കെല്ലാമുള്ള സംസാരദുഃഖമൊഴിക്കുവാൻ ഉണർവോടെയിരിക്കുക. ധർമ്മദ്രോഹികളായി ഭൂമിയിലെഴുന്ന ശത്രുക്കളെ വധിച്ചു വിപ്രക്ഷത്രിയവൈശ്യശൂദ്രാദികളാൽ സദാ സേവിക്കപ്പെടുന്നവളായി ഭൂമിയിൽ കുടികൊള്ളുക. ബ്രാഹ്മണർ നൽകുന്ന നിവേദ്യമധുക്ഷീരാദികൾ കൈക്കൊള്ളുക. ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രാദികൾ തരുന്നവ ഭേദം കൂടാതെ സ്വീകരിക്കുക. ഈ വാക്യങ്ങൾ ശ്രവിച്ച കാളി ചോദിച്ചു, പിതാവേ സ്ത്രീയെന്നു വിചാരിച്ചു മർത്യരെന്നെ അപമാനിക്കില്ലേ?

ഭഗവാൻ പറഞ്ഞു പുത്രീ നിന്നെ അപമാനിക്കുന്ന മൂഢൻ വംശത്തോടെ നശിക്കും. എല്ലാ മനുഷ്യരും നിന്നെ പരദേവതയാക്കും. പാൽ, ഗുളം, പായസം, ചോറ മുതലായവയാൽ സന്തോഷിപ്പിക്കും. നിന്റെ ചരിത്രം, കഥ, സ്തോത്രം, പാട്ട് ഇവയൊക്കെയും ചെയ്യുന്നവനു സർവാഭീഷ്ടങ്ങളും നൽകണം. അന്യജാതികൾ മദ്യമാംസാദികളാലും നിന്നെ പൂജിക്കും. അവർക്കും അഭീഷ്ടങ്ങൾ നൽകുക. ദാരുകശിരസ്സു ക

യ്യിൽ ധരിച്ച രൂപത്തിൽ നിന്റെ വിഗ്രഹം നിർമ്മിച്ചു മനുഷ്യർ പൂജിക്കും. നിത്യപൂജയാലും ഉത്സവങ്ങളാലും മർത്യർ യഥാവിധി നിന്നെ ആരാധിക്കും. ശരണ്യരായ നിന്റെ ഭക്തർ താപത്രയങ്ങൾ ഒഴിഞ്ഞവരായി സന്താനസമ്പത്തോടേ നൂറ് വത്സരം ജീവിക്കും.

മാതാപിതാക്കന്മാരുടെ വചനങ്ങൾ കേട്ട് മുദിതരസത്തോടെ ഭദ്രകാളി അവരെ വന്ദിച്ചു മാതൃസമേതയായ് ഭൂമിയിലേക്കു ഗമിച്ചു. ശിവാജ്ഞയനുസരിച്ച് നന്ദിമഹാകാളനും ഭദ്രയോടൊന്നിച്ചു പുറപ്പെട്ടു. അവളാണു ഭദ്രകാളിയും മഹേ ശ്വരിയുമായ ഭഗവതി. ചണ്ഡവീര്യമെഴുന്ന ചണ്ഡിക. അല്ലയോ ചന്ദ്രസേന മഹാരാജാവേ ആ ശക്തി ആകാശദേശത്തുനിന്നും ആദ്യം വന്നത് ഈ കാട്ടിലാണ്. വൻതപമോടെ ദേവി നിന്ന ഇടത്താണു മൺപുററ് നിന്നിരുന്നത്. സർവവന്ദിതമായ ആ പുററ് നിന്റെ ആനകൾ തകർത്തതിനാലാണു ദേവിയുടെ വരിഷ്ഠനായ കിങ്കരൻ നിന്നെയോടിച്ചതും നീ എന്റെ ആശ്രമത്തിൽ വന്നതും. ഭൂതം എന്റെ വാക്കുകേട്ടു ശാന്തനായി മടങ്ങിക്കഴിഞ്ഞു. ദേവിയുടെ ഈ ചരിത്രം കേൾക്കുകയോ പാരായണം ചെയ്യുകയോ ചെയ്താൽ സർവതും സിദ്ധിക്കും.

ഇപ്രകാരം സുതീഷ്ണ മഹർഷി ഭദ്രകാളീ ചരിതം ചന്ദ്രസേനന പറഞ്ഞു കൊടുത്തു.

ശുഭം

Vaikhari Research Foundation
Kudappanakkunnu P.O, Thiruvananthapuram
www.vaikhari.org, www.vaikhari.in, e-mail: vaikharirf@gmail.com

आत्मना विन्दते वीर्यं